# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് .എ .പി.കെ.ഡി പി10/70/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/02/2026
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് .എ .പി.കെ.ഡി പി10/70/26 തീയ്യതി: 04/02/2026

## പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2024 മുതൽ 03-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2026 | 14-01-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2026 | 14-01-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സുസ്മിത.കെ.വി -ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനില.സി.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഗീത.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നൗഫർ.എൻ.എച്ച് -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമണി ഇ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.അനൂപ് മോഹൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗിരിജ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷബീന ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.റാണി ആർ ഉണ്ണിത്താൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.സ്മിറ്റി ജോൺസൺ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ.ദീപക് എസ്.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.ആശ കെ | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.റൂബി എച്ച് എൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-05-2024 |
| ഡോ.സന്തോഷ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-06-2024 | 31-07-2024 |
| ഡോ.രവീന്ദ്രൻ ടി.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-08-2024 | 31-03-2025 |
| ശ്രീമതി.ഉമൈബ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.നീതു ത്യാഗരാജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 13-08-2024 |
| ശ്രീമതി.സബീന കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14-08-2024 | 18-12-2024 |
| ശ്രീമതി.ജാസ്മിൻ ഒ. ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-12-2024 | 31-03-2025 |
| ശ്രീ.പ്രേമൻ കെ | ഹെഡ് മാസ്റ്റർ ,ജി.എൽപി.എസ്. | 01-04-2024 | 31-03-2025 |
| ശ്രീ.ഷിജു സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2024 | 31-03-2025 |
| ശ്രീ.രവീന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2024 | 05-09-2024 |
| ശ്രീ.ഷിജു സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II(I/C) | 06-09-2024 | 17-09-2024 |
| ശ്രീ. ദിലീപ് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 18-09-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്ററിലെ അപാകത | 1-1-2 |
| 4 | ബാങ്ക് ബുക്ക് രേഖപ്പെടുത്തുന്നതിലെ അപാകതകൾ | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള പണമിടപാടുകളിലെ ന്യൂനതകൾ | 1-11 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ | 1-12 |
| 16 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-13 |
| 17 | വസ്തു നികുതി പിരിവിലെ അപാകതകൾ | 1-14 |
| 18 | മാമ്പൽ രസീത് മുഖേന പണം വരവ് സ്വീകരിച്ചതിലെ അപാകതകൾ | 1-15 |
| 19 | കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല, വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കൽ കാര്യക്ഷമമല്ല. | 1-16 |
| 20 | വാലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനു മുൻപ് തന്നെ ധനസഹായം അനുവദിച്ചു | 1-17 |
| 21 | ഒരു പ്രോജക്ടിന് തന്നെ രണ്ടു നിരക്കിൽ ഗുണഭോക്തൃവിഹിതം പിരിച്ചു- | 1-18 |
| 22 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ -പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ | 1-19 |
| 23 | എസ് ടി കുടുംബങ്ങൾക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യൽ | 1-20 |
| 24 | സാമൂഹ്യ സുരക്ഷാമിഷന് തുക കൈമാറൽ - വിനിയോഗിക്കാതെ തുക ശേഷിക്കുന്നു | 1-21 |
| 25 | പഞ്ചായത്ത് ഹാളിലേക്ക് ടേബിൾ വാങ്ങൽ | 1-22 |
| 26 | തെരുവുവിളക്ക് മെയിന്റനൻസ് - രേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 27 | അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണം- പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-24 |
| 28 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - തനത് ഫണ്ടിന് അധികചെലവ് | 1-25 |
| 29 | മരാമത്ത് പ്രവൃത്തികൾ -അവലോകനം | 1-26 |
| 30 | മരാമത്ത് പ്രവൃത്തി - കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല | 1-27 |
| 31 | ടാറിംഗ് പ്രവൃത്തിക്ക് പകരം കോൺക്രീറ്റിംഗ് ചെയ്തു | 1-28 |
| 32 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-29 |
| 33 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പദ്ധതി | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |

| | | |
|---|---|---|
| 3 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ് ചെലവ് കണക്ക് സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

തരൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20-6-2025 തീയതിയിലെ 1(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 3-7-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തരൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,
തീയതി:04-02-2026

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation , B-11(E)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10824276.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 750880.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാങ്ക് ബുക്ക് രേഖപ്പെടുത്തുന്നതിലെ അപാകതകൾ

തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ : 654502010007322, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ) ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് ഇടപാടുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകതകൾ ചുവടെ ചേർക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/09.01.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതും ബാങ്ക് ബുക്കിൽ ഉൾപ്പെട്ടതും പിന്നീട് അഡ്ജസ്റ്റ്മെന്റ് എൻട്രിയിലൂടെ റീക്കൺസിലേഷനിൽ പൊരുത്തപ്പെടുത്തുകയും ചെയ്തിട്ടുള്ള ഇടപാടുകളുടെ വിശദാംശങ്ങൾ

| തീയതി | രസീത്/ വൗച്ചർ നമ്പർ | ഡിസ്ക്രിപ്ഷൻ | നിക്ഷേപം (₹) | പിൻവലിക്കൽ (₹) |
|---|---|---|---|---|
| 29.01.2025 | R-1240605086 | Advance To Implementing Officers (460500501) | 219760 | |
| 31.03.2025 | R-1240000455 | | 72000 | |
| 31.03.2025 | 22401459 | | | 254980 |
| 31.03.2025 | 22401460 | | | 36780 |
| 31.03.2025 | 22401464 | Amount Payable To Other Creditors (350109999) | | 1084 |

ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്ത മേൽ ഇടപാടുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുകയും പിന്നീട് അഡ്ജസ്റ്റ്മെന്റ് എൻട്രിയിലൂടെ റീക്കൺസിലേഷനിൽ പൊരുത്തപ്പെടുത്തുകയും ചെയ്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതും ബാങ്ക് ബുക്കിൽ ഇല്ലാത്തതും പിന്നീട് അഡ്ജസ്റ്റ്മെന്റ് എൻട്രിയിലൂടെ റീക്കൺസിലേഷനിൽ പൊരുത്തപ്പെടുത്തുകയും ചെയ്തിട്ടുള്ള ഇടപാടുകളുടെ വിശദാംശങ്ങൾ

| തീയതി | ഡിസ്ക്രിപ്ഷൻ | പിൻവലിക്കൽ (₹) | റിമാർക്ക്സ് |
|---|---|---|---|
| 01.11.2024 | RTGS | 1450 | പ്രസ്തുത തുക പിൻവലിച്ചത് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുകയോ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. |

### 1-2 ബജറ്റ്

13.02.2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 24.2.2025 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 3- പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7109674 |
| തൻവർഷം വരവ് | 243664400 |
| ആകെ വരവ് | 250774074 |
| ചെലവ് | 241874000 |
| നീക്കിയിരിപ്പ് | 8900074 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹188 27302.91 |

| | |
|---|---|
| വരവ് | ₹57400762 |
| ആകെ | ₹76228064.91 |
| ചെലവ് | ₹46576486 |
| നീക്കിയിരിപ്പ് | ₹29651578.91 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 22046000 | 22046000 | 22035570 | 10430 |
| വികസനഫണ്ട് എസ്.സി..പി | 0 | 8148000 | 8148000 | 6586564 | 1561436 |
| വികസന ഫണ്ട്-ടിഎസ്പി | 0 | 276000 | 276000 | 122276 | 153724 |
| മെയ്ന്ററനൻസ് ഗ്രാന്റ് റോഡ് | 0 | 34266000 | 34266000 | 15632116 | 18633884 |
| മെയ്ന്ററനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4430000 | 4430000 | 3918269 | 511731 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ബാങ്ക് | 3524868 | 4021313 | 7546181 | 2757197 | 4788984 * |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ട്രഷറി | 0 | 1549 | 1549 | 1549 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 4448492 | 8592000 | 13040492 | 4702951 | 8337541 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ട്രഷറി | 0 | 1616500 | 1616500 | 1257084 | 359416 |

* CFC Basic മേൽ പട്ടിക പ്രകാരം നീക്കിയിരുപ്പ് 4788984 രൂപയാണ്. എന്നാൽ B4- പ്രകാരം നീക്കിയിരുപ്പ് 4788970 രൂപയാണ്. വ്യത്യാസം 14 രൂപ

## 1. കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം(SBA &ശുചിത്വമിഷൻ) | 552655 | 492000 +120000(Try) | 1164655 | 935900 | 228755 |
| TSC | 425681 | 0 | 425681 | 0 | 425681 |
| ICDS+ICPS | 2387710 | 2729419 | 5117129 | 1865963 | 3251166 |
| Health Grant -Grant For Specific Purposes- Health Grant Towards Conversion Of PHCs | 295391 | 623798 | 919189 | 282010 | 637179 |

| | | | | | |
|---|---|---|---|---|---|
| And Subcentres Into Health And Wellness Centres | | | | | |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 1084794 | 416175 | 1500969 | 414938 | 1086031 |

**2. തൊഴിലുറപ്പു പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 2311057 | 2311057 | 2310069 | 988 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 65428345 | 65428345 | 65428345 | 0 |
| ആകെ | 0 | 67739402 | 67739402 | 67738414 | 988 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ(ജനറൽ) | 3200000 | 1500000 | 4700000 | 3660000 | 1040000 |

ലൈഫ് സ്റ്റേറ്റ് ഷെയർ ബാങ്ക് അക്കൌണ്ട് SBI-67304144395 -ൽ മുന്നിരിപ്പ് പലിശ ₹121020, തൻവർഷ പലിശ ₹55981/- കൂടി നീക്കിയിരുപ്പിൽ (R&P Schedule-40-B) ഉൾപ്പെട്ടിട്ടുണ്ട്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 230 | 217214497 | 153 | 72848531 | 97 | 67 |

നടപ്പാക്കിയ 153 പദ്ധതികളിൽ 42 എണ്ണം ഭാഗികമായി മാത്രം ചെലവ് ചെയ്തതാണ്.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്കുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 8682250 | 7322798 | 84 |
| വി.ഇ.ഒ. I | 22 | 16 | 108138225 | 17938729 | 17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4 | 8020013 | 4480405 | 56 |
| സെക്രട്ടറി | 33 | 17 | 17495843 | 6070482 | 35 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 103 | 66 | 54605932 | 24523921 | 45 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 5 | 3588691 | 1937671 | 54 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 7 | 6 | 1958632 | 1835251 | 94 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 345000 | 345000 | 100 |
| വെറ്ററിനറി സർജ്ജൻ | 11 | 10 | 4015000 | 2947108 | 73 |
| പ്രധാന അധ്യാപകൻ | 2 | 2 | 877429 | 877429 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 25 | 18 | 8117482 | 3199737 | 39 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1370000 | 1370000 | 100 |
| ആകെ | 230 | 153 | 217214497 | 72848531 | 34 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 2311057 | 2311057 | 2310069 | 988 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 65428345 | 65428345 | 65428345 | 0 |
| ആകെ | 0 | 67739402 | 67739402 | 67738414 | 988 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 8318800 | 668 |
| 2 | വാർദ്ധക്യകാല പെൻഷൻ | 32285300 | 1545 |
| 3 | വികലാംഗ പെൻഷൻ | 5669800 | 414 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 977600 | 80 |
| 5 | വിധവാ പെൻഷൻ | 18060100 | 2578 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2026 തീയതിയിൽ 03.15 പി.എം സമയത്ത് ഫ്രണ്ട് ഓഫീസ് ക്ലാർക്കിന്റെയും സ്ഥാപന മേധാവിയുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 5,534/- (അയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തി നാല്) രൂപയുടെ നീക്കിയിരുപ്പ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

**ബജറ്റ്**

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല

2.**തനതു വരുമാനം**

തനതുവരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ല.

3.**ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**കുടിവെള്ളക്കരം കുടിശ്ശിക** ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 10 കുടിവെള്ളപദ്ധതികളുണ്ട്. ഇവയുടെ മെയിന്റനൻസിനായി ഗ്രാമപഞ്ചായത്തിന് ഭീമമായ തുകകൾ ചെലവ് വരുന്നുണ്ട്. എന്നാൽ വരവ് വളരെ കുറവും കുടിശ്ശിക കൂടുതലുമാണ്. ആയതിനാൽ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി മാറുന്നു. സർക്കാർ നിർദേശപ്രകാരം കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതിക്കോ വാട്ടർ അതോറിറ്റിക്കോ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

12-12-2018 മുതൽ 22-12-2018 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. അതിൻപ്രകാരം 6 പരാമർശങ്ങൾ (IIB-I, II, III, IV, V, VI) തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 മാസത്തെ ഓഡിറ്റ് 10-1-2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻ പ്രകാരം 10/2017 മുതൽ 12/2022വരെ 58 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള പണമിടപാടുകളിലെ ന്യൂനതകൾ

തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സ.ഉ (കൈ) നം.66/2025/L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കെ-സ്മാർട്ട് സംവിധാനം ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ചെലവുകളും വരവുകളും കെ-സ്മാർട്ടിലൂടെയാണ് സ്വീകരിക്കേണ്ടതും നൽകേണ്ടതും മാനുവൽ രസീതുകൾ ഉപയോഗിക്കാൻ പാടില്ലെന്നും ഫീൽഡിൽ പോയി പിരിച്ചെടുക്കുന്ന തുകകളും നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുക്കുന്ന ഗുണഭോക്തൃ വിഹിതങ്ങളും സ്വീകരിക്കുന്നതിന് ഇ-പോസ് മെഷീനുകൾ ഉപയോഗിക്കണമെന്നും നിർദേശിക്കുന്നുണ്ട്. **നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും യഥാസമയം തയ്യാറാക്കി ഏർപ്പെടുത്തുന്നതിനും വിവിധ ഔദ്യോഗിക സംവിധാനങ്ങൾക്ക്**

**പരിശോധനകൾക്കായി പ്രസ്തുത റജിസ്റ്ററുകളും റിപ്പോർട്ടുകളും ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഐ.കെ.എം-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** 2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിലെ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ മുഖേനയുള്ള വരവുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 15.04.2025 മുതൽ കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി അടവാക്കിയതും കെ-സ്മാർട്ട് ഡേ ബുക്കിൽ വരവ് രേഖപ്പെടുത്തിയ തുകകൾ ബന്ധപ്പെട്ട ലെഡ്ജറുകളിലും ബാങ്ക് ബുക്കിലും വരവായി രേഖപ്പെടുത്തുന്നുണ്ട്. പ്രസ്തുത തുകകളിൽ ഏതൊക്കെ വരവുകൾ ഏതൊക്കെ തീയതിയിലാണ് പഞ്ചായത്തിന്റെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് യഥാർത്ഥത്തിൽ ക്രെഡിറ്റായതെന്ന വിവരം ലഭ്യമാവുന്നത് ഇ-പേ ഡിസ്ബേഴ്സ് റിപ്പോർട്ട് പ്രകാരമാണ്. ഇ-പേ ഡിസ്ബേഴ്സ് റിപ്പോർട്ട് പരിശോധനയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I) 10.04.2025 മുതൽ 02.05.2025 വരെ കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി സ്വീകരിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ വിവരങ്ങൾ ഇ-പേ ഡിസ്ബേഴ്സ് റിപ്പോർട്ടിൽ ലഭ്യമല്ല. പ്രസ്തുത തുകകൾ ക്രെഡിറ്റായിട്ടുണ്ടോയെന്ന വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

Ii) 03.05.2025 മുതൽ ഇ-പേ ഡിസ്ബേഴ്സ് റിപ്പോർട്ട് പ്രകാരം ക്രെഡിറ്റായ തുകകളുടെ ഏതാനും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡേ ബുക്ക് തീയതി | ഡേ ബുക്ക് പ്രകാരം ആകെ ഓൺലൈൻ വരവ് (₹) | ഇ-പേ ഡിസ്ബേഴ്സ് റിപ്പോർട്ട്/ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൗണ്ടിൽ ക്രെഡിറ്റായ തീയതി | ക്രെഡിറ്റായ തുക (₹) |
|---|---|---|---|
| 03.05.2025 | 508 | 06.05.2025 | 508 |
| 05.05.2025 | 4986 | 07.05.2025 | 800 |
| 06.05.2025 | 2871 | 08.05.2025 | 1683 |
| | | 09.05.2025 | 1188 |
| 07.05.2025 | 247 | 09.05.2025 | 247 |
| 08.05.2025 | 1071 | 10.05.2025 | 1071 |

മേൽ പ്രകാരം 05.05.2025 തീയതിയിലെ ഡേ ബുക്ക് പ്രകാരമുള്ള 4986/- രൂപയിൽ 800/- രൂപ ക്രെഡിറ്റായിട്ടുണ്ടെങ്കിലും ബാക്കി തുക ഏത് തീയതിയിലാണ് ക്രെഡിറ്റായിട്ടുള്ളതെന്ന് വ്യക്തതയില്ല. 06.05.2025 തീയതിയിലെ ഡേ ബുക്ക് പ്രകാരമുള്ള 2871/- രൂപ വ്യത്യസ്ത തീയതികളിലായാണ് ക്രെഡിറ്റായിട്ടുള്ളത്. 2025-26 വർഷം മുതൽ കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ മുഖേന ഓൺലൈനായി സ്വീകരിച്ച തുകകൾ യഥാർത്ഥത്തിൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ റീക്കൺസിലേഷൻ സ്ഥാപനം നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ ക്രെഡിറ്റായ വരവുകളുടെയും ക്രെഡിറ്റാവാത്ത വരവുകളുടെയും വിവരം നിലവിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

Iii) പരിശോധനയ്ക്കും ഓൺലൈനായി സ്വീകരിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ റീക്കൺസിലിയേഷൻ നടത്തുന്നതിനും ഒരു നിശ്ചിത കാലയളവിലേക്കുള്ള ഓരോ ബാങ്ക് അക്കൗണ്ടിലേക്കും ക്രെഡിറ്റായിട്ടുള്ള തുകകളുടെ വിവരങ്ങൾ അടങ്ങിയ ഇ-ഡിസ്ബേഴ്സ് റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. ആയത് ലഭ്യമാവുന്നതിനുള്ള നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്.

2) കെ-സ്മാർട്ട് ആരംഭിച്ച ശേഷം നാളിതുവരെ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പരിശോധനക്കായി ഒരു നിശ്ചിത പിരിയഡിനുള്ളിൽ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമാവുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയത് ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്.

3) സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ള 5 ഇ-പോസ് മെഷീനുകളിൽ 4 എണ്ണം കെ-സ്മാർട്ടിൽ ലിങ്ക് ചെയ്തിട്ടുണ്ട്. ഒരു ഇ-പോസ് മെഷീൻ കെ-സ്മാർട്ടിൽ ലിങ്ക് ചെയ്യാത്തതിനും ബിൽ കളക്ടർക്ക് ഇഷ്യൂ ചെയ്യാത്തതിനും മറുപടി ലഭ്യമാക്കേണ്ടതാണ്. പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള

ഓരോ ബിൽ കളക്ടറുടെയും ഒരു നിശ്ചിത കാലയളവിലേക്കുള്ള ഇ-പോസ് കളക്ഷൻ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമാവുന്നതിനുള്ള നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്.

4) കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഓ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനത്തിലെ അക്കൌണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എന്നാൽ കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ മൊഡ്യൂൾ പ്രകാരം 2025 ജൂൺ മാസം മുതലുള്ള റീക്കൺസിലിയേഷൻ നാളിതുവരെ നടത്തിയിട്ടില്ല. റീക്കൺസിലിയേഷനുകൾ യഥാസമയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 06/08.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്ത് പരിഷ്ക്കരിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിൽ പരമാവധി ലൈസൻസ് ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ചട്ടങ്ങളുടെ ഗസറ്റ് നോട്ടിഫിക്കേഷന് വിധേയമായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിൽ ലൈസൻസ് ഫീസ് നിശ്ചയിച്ച് 24.12.2021 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി വിജ്ഞാപനം ചെയ്ത് അംഗീകരിച്ചത് ചുവടെ ചേർക്കുന്നു.

| ഉൽപാദന മേഖല | ഫീസ് | സേവന മേഖല | ഫീസ് |
|---|---|---|---|
| മൈക്രോ സംരംഭങ്ങൾ | | | |
| 50,000 രൂപ വരെ നിക്ഷേപം | 100 | 25,000 രൂപ വരെ നിക്ഷേപം | 100 |
| 50,001 മുതൽ 1 ലക്ഷം രൂപ വരെ നിക്ഷേപം | 200 | 25,001 മുതൽ 1 ലക്ഷം രൂപ വരെ നിക്ഷേപം | 200 |
| 1,00,001 മുതൽ 2 ലക്ഷം രൂപ വരെ നിക്ഷേപം | 300 | 1,00,001 മുതൽ 2 ലക്ഷം രൂപ വരെ നിക്ഷേപം | 300 |
| 2,00,001 മുതൽ 5 ലക്ഷം രൂപ വരെ നിക്ഷേപം | 350 | 2,00,001 മുതൽ 3 ലക്ഷം രൂപ വരെ നിക്ഷേപം | 400 |
| 5,00,001 മുതൽ 10 ലക്ഷം രൂപ വരെ നിക്ഷേപം | 400 | 3,00,001 മുതൽ 10 ലക്ഷം രൂപ വരെ നിക്ഷേപം | 500 |
| 10,00,001 മുതൽ 25 ലക്ഷം രൂപ വരെ നിക്ഷേപം | 500 | | |
| മിനി സംരംഭങ്ങൾ | | | |
| 25,00,001 മുതൽ 1 കോടി രൂപ വരെ നിക്ഷേപം | 1000 | 10,00,001 മുതൽ 50 ലക്ഷം രൂപ വരെ നിക്ഷേപം | 1000 |

| | | | |
|---|---|---|---|
| ചെറുകിട സംരംഭങ്ങൾ | | | |
| 1,00,00,001 മുതൽ 5 കോടി രൂപ വരെ നിക്ഷേപം | 5000 | 50,00,001 മുതൽ 2 കോടി രൂപ വരെ നിക്ഷേപം | 5000 |
| ഇടത്തരം സംരംഭങ്ങൾ | | | |
| 5,00,00,001 മുതൽ 10 കോടി രൂപ വരെ നിക്ഷേപം | 10000 | 2,00,00,001 മുതൽ 5 കോടി രൂപ വരെ നിക്ഷേപം | 10000 |
| വൻകിട സംരംഭങ്ങൾ | | | |
| 1,00,00,001 രൂപ മുതൽ നിക്ഷേപം | 15000 | 5,00,00,001 രൂപ മുതൽ നിക്ഷേപം | 15000 |

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രകാരം അംഗീകരിച്ച നിരക്കുകളിൽ ഉൾപ്പെടാത്ത തുകകൾ ലൈസൻസ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത ലൈസൻസ് അപേക്ഷകളിൽ മൂലധനം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ക്രമപ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര്, ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ഈടാക്കിയ തുക (₹) | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 180 | മുസലിയാർ സോമിൽ, കാജാ ഹുസൈൻ | 1/149 | 2000 | 1240606093/12.04.2024 |
| 294 | അന്നാസ് ഫർണിച്ചർ, ജുസൈൻ | 10/647 | 600 | 1240603496/02.12.2024 |

2. 2024-25 വർഷത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

3. തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പിന്റെ 01.08.2022 തീയതിയിലെ എൽഎസ്ജിഡി-ആർഡി1/47/2022 നമ്പർ കത്ത് പ്രകാരമുള്ള നിർദേശങ്ങൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ 12-ാം വാർഡായ അത്തിപ്പൊറ്റയിൽ പ്രവർത്തിക്കുന്ന S.G Fitness Club എന്ന ജിംനേഷ്യത്തിനെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/13.01.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 6 എന്നിവയിലെ പട്ടികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

### 1. വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിലുള്ള നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുകയോ

തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സ.ഉ (കൈ) നം.66/2025/L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും യഥാസമയം കെ-സ്മാർട്ടിൽ തയ്യാറാക്കി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**2. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

തൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുകയോ മറ്റു പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | മുഹമ്മദ് കുഞ്ഞു യു |
| 2 | പ്രകാശ് കെ.വി |
| 3 | ഹക്കീം എൻ |
| 4 | സുകേഷ് എസ് |
| 5 | ഉജീഷ് യു |
| 6 | അബ്ദുൾ റഹ്മാൻ സി |
| 7 | അഫ്സൽ എ |
| 8 | ചെന്താമര കണ്ണൻ എം |
| 9 | ജയകൃഷ്ണൻ കെ |
| 10 | ആലത്തൂർ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |
| 11 | തങ്കപ്പൻ കെ.സി |
| 12 | സച്ചിദാനന്ദൻ എ.വി |
| 13 | അർജുൻ പി |

**3. സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

2024-25 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധവർഷത്തിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും രണ്ടാം അർദ്ധവർഷത്തിൽ സ.ഉ.(സാധാ)നം.114/2024/LSGD/27.06.2024 പ്രകാരവും ആണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര്, | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കിയ തൊഴിൽ നികുതി(₹), തീയതി | ഈടാക്കേണ്ട തൊഴിൽ നികുതി (₹) | കുറവ് (₹) |
|---|---|---|---|---|---|---|
| 1 | മദൻഗോപാൽ, അസി. മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ തരൂർ ബ്രാഞ്ച് | ഒന്ന് | 99999 | 600<br>01.10.2024<br>(പിഴ ₹ 25) | 750 | 150 |
| 2 | രാധാകൃഷ്ണൻ കെ, NAM Staff, സർക്കാർ | രണ്ട് | 71750 | 600<br>19.02.2025 | 750 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | ആയുർവേദ ആശുപത്രി തരൂർ | | | | | |
| 3 | റജീന എ, കോൺട്രാക്റ്റ് സ്റ്റാഫ്, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 56000 | 450 19.02.2025 | 750 | 300 |
| 4 | ജയകൃഷ്ണൻ എ, കോൺട്രാക്റ്റ് സ്റ്റാഫ്, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 56000 | 450 19.02.2025 | 750 | 300 |
| 5 | വിനിത പി, കോൺട്രാക്റ്റ് സ്റ്റാഫ്, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 56000 | 450 19.02.2025 | 750 | 300 |
| 6 | സൗദാമിനി കെ, കോൺട്രാക്റ്റ് സ്റ്റാഫ്, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 56000 | 450 19.02.2025 | 750 | 300 |
| 7 | പ്രഭന്യ പി, കോൺട്രാക്റ്റ് സ്റ്റാഫ്, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 56000 | 450 19.02.2025 | 750 | 300 |
| 8 | അക്ഷയ് ആർ, കോൺട്രാക്റ്റ് സ്റ്റാഫ്, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 56000 | 450 19.02.2025 | 750 | 300 |
| 9 | രഞ്ജിത് ടി, കോൺട്രാക്റ്റ് സ്റ്റാഫ്, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 56000 | 450 19.02.2025 | 750 | 300 |
| 10 | സൗമ്യ സി, സാനിറ്റേഷൻ, സർക്കാർ ആയുർവേദ ആശുപത്രി തരൂർ | രണ്ട് | 40000 | 300 19.02.2025 | 600 | 300 |
| 11 | രാജൻ കെ, പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക് | രണ്ട് | 55269 | 450 04.03.2025 | 750 | 300 |
| 12 | വാസുദേവൻ സി, പോസ്റ്റ് ഓഫീസ് തരൂർ | രണ്ട് | 59999 | 450 10.03.2025 | 750 | 300 |
| 13 | സുധിൻ പി.എസ്, പോസ്റ്റ് ഓഫീസ് | രണ്ട് | 59999 | 450 10.03.2025 | 750 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | തരൂർ | | | | | |
| 14 | വിഷ്ണുദാസ് കെ.വി, പോസ്റ്റ് ഓഫീസ് തരൂർ | രണ്ട് | 72000 | 600 10.03.2025 | 750 | 150 |
| ആകെ കുറവായി ഈടാക്കിയ തുക | | | | | | 3,750.00 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/09.01.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ കെ-സ്മാർട്ടിൽ തയ്യാറാക്കി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്. കരാറുകാരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുകയോ മറ്റു പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ കുറവായി ഈടാക്കിയ തൊഴിൽ നികുതി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതും അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി പിരിവിലെ അപാകതകൾ

### 1) വസ്തു നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ഐ പ്രകാരം ഉടമസ്ഥൻ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്നതും തറവിസ്തീർണ്ണം 60 ച.മീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങളെ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സ.ഉ(കൈ) നം 77/2023/തസ്വഭവ, തിയതി 22.03.2023 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള ഉടമസ്ഥന്റെ പേരിലുള്ള ഒരു കെട്ടിടത്തിനു മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തുകയും, നികുതി ഒഴിവാക്കി നൽകുന്നതിന് സിറ്റിസൺ പോർട്ടലിലെ 9H നമ്പർ ഫോറത്തിലുള്ള സത്യവാങ്മൂലം ഉടമസ്ഥനിൽ നിന്ന് ഓൺലൈനായോ നേരിട്ടോ വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ ചേർത്തിരിക്കുന്ന കെട്ടിടത്തിന് നിയമപ്രകാരം നികുതി ഒഴിവാക്കുന്നതിന് സത്യവാങ്മൂലം സമർപ്പിച്ചിതായി രേഖപ്പെടുത്തിയിട്ടും 2024-25 ലെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ നികുതി ഈടാക്കിയിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ തുക (₹) | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 13/511 | ദിവാകരൻ | പാർപ്പിടാവശ്യം | 50 | 420 | 1240600158/ 11.04.2024 |

### 2) വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തൻവർഷത്തെ വസ്തു നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തു നികുതി-ഗാർഹികം (B-15 ഷെഡ്യൂൾ - ഹെഡ്കോഡ് 431100101) | 1,18,785.00 |
| വസ്തു നികുതി-ഗാർഹികേതരം (B-15 ഷെഡ്യൂൾ - ഹെഡ്കോഡ് 431100103) | 61,093.00 |
| ആകെ കുടിശ്ശിക | 1,79,878.00 |

മേൽ പ്രകാരമുള്ള കുടിശ്ശികയിൽ 31.06.2025-ന് 21304/- രൂപയ്ക്ക് മാത്രമേ റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുള്ളൂ. ബാക്കിയുള്ള തുക പിരിച്ചെടുക്കുന്നതിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/13.01.2026-ന് മറുപടിയായി 13/511 കെട്ടിടത്തിന്റെ ഉടമസ്ഥന്റെ ആവശ്യ പ്രകാരമാണ് നികുതി ഈടാക്കിയതെന്നും ജീവനക്കാരുടെ കുറവ് മൂലമാണ് നികുതി പിരിവ് കാര്യക്ഷമമായി നടത്താൻ കഴിയാതിരുന്നതെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. സഞ്ചയ പരിശോധിച്ചതിൽ നിന്നും നിയമപ്രകാരം നികുതി ഒഴിവാക്കുന്നതിന് സത്യവാങ്മൂലം

സമർപ്പിച്ച പ്രസ്തുത കെട്ടിടത്തിൽ നിന്നും 2016 അർദ്ധവർഷം മുതൽ നികുതി സ്വീകരിച്ചു വരുന്നതായി കാണുന്നു. ഉടമസ്ഥന്റെ ആവശ്യപ്രകാരമാണെങ്കിൽ സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി നികുതി ഒഴിവാക്കുന്നതിന് സത്യവാങ്മൂലം സമർപ്പിച്ചതായ രേഖപ്പെടുത്തൽ ഒഴിവാക്കിയ ശേഷവും വസ്തു നികുതി കുടിശ്ശിക തുക മുഴുവനായി പിരിച്ചെടുത്ത ശേഷവും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മാന്വൽ രസീത് മുഖേന പണം വരവ് സ്വീകരിച്ചതിലെ അപാകതകൾ

മാന്വൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 30, 138 എന്നിവ പ്രകാരം 2024-25 വർഷത്തേക്ക് ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി 23982, 23983, 23984, 23985 എന്നീ രസീതുബുക്കുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഇഷ്യൂ ചെയ്ത് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ രസീതു ബുക്കുകൾ മുഖേനയാണ് 2024-25 വർഷത്തിലെ ബയോ കമ്പോസ്റ്റ് ബിന്നുകളുടെ വിതരണം എന്ന പദ്ധതിയുടെ (പ്രോജക്ട് നമ്പർ SO 121/225, SO 122/25) ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുള്ളത്. പ്രസ്തുത രസീത് ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ലെ ചട്ടം 20(1) പ്രകാരം പഞ്ചായത്തിലോ ഇതിനായി അധികാരപ്പെടുത്തിയ കളക്ഷൻ സ്റ്റാഫോ പണമായി സ്വീകരിക്കുന്ന എല്ലാ പണത്തിനും ഒരു രസീത് നൽകേണ്ടതാണെന്നും രസീതുകൾ മാന്വലായി നൽകുമ്പോൾ മെഷീൻ നമ്പറിട്ട് ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതേണ്ടതും രസീതിന്റെ ഒറിജിനൽ ഓഫീസിൽ സൂക്ഷിക്കേണ്ടതാണെന്നും പകർപ്പ് അടവാക്കുന്നയാളിനു നൽകേണ്ടതാണെന്നും രസീതിന്റെ പകർപ്പ് ഒരു കാരണവശാലും നൽകരുതെന്നും ആവശ്യം വന്നാൽ തുക ഒടുക്കിയതായി രേഖപ്പെടുത്തിയ സാക്ഷ്യപത്രം നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി രസീത് നമ്പർ 8/23983 മുതൽ 100/23983 വരെയും 1/23984 മുതൽ 100/23984 വരെയും ഉള്ള രസീതുകളുടെ പകർപ്പ് ഓഫീസിൽ സൂക്ഷിക്കുകയും ഒറിജിനൽ അടവാക്കുന്നയാളിനു നൽകുകയും 01/23985 മുതൽ 100/23985 വരെയുള്ള രസീതുകൾ എഴുതുന്നതിന് ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാതിരിക്കുകയും ചെയ്തിരിക്കുന്നു.

2) 28/23982, 50/23982 മുതൽ 58/23982 വരെ നമ്പർ രസീതുകളിൽ ഗുണഭോക്താവിന്റെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളൂ മറ്റ് വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. 94/23982 മുതൽ 100/23982 വരെയുള്ള രസീതുകളിലും 2/23983 മുതൽ 100/23983 വരെയുള്ള രസീതുകളിലും 1/23984 മുതൽ 100/23984 വരെയുള്ള രസീതുകളിലും 1/23985 മുതൽ 100/23985 വരെയുള്ള രസീതുകളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം രസീതിലെ വിവരങ്ങൾ അപൂർണമായി രേഖപ്പെടുത്തുന്നതും തീയതി രേഖപ്പെടുത്താതെ രസീതുകൾ നൽകുന്നതും തെറ്റായ നടപടിയാണ്.

3) പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനും ഗുണഭോക്തൃ വിഹിതത്തിനും വിധേയമായി രസീതുകൾ പ്രകാരമുള്ള തുക പഞ്ചായത്തിൽ അടവാക്കിയതായി ഐ.എൽ.ജി.എം.എസ് ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) 2011 ലെ കേരള പഞ്ചായത്തി രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടി.ആർ 7എ ഫോറത്തിലുള്ള ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതാണെന്നും, നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിനു വേണ്ടി കൈപ്പറ്റുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണെന്നും, ചട്ടം 18(2) പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേദിവസം തന്നെ ക്യാഷ് ബുക്കിൽ/ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. രസീതുകൾ എഴുതുന്നതിലെ മേൽപ്പറഞ്ഞ അപാകതകൾ മൂലവും കളക്ഷൻ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാലും പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം കളക്ഷൻ ദിവസമോ അതിനു തൊട്ടടുത്തുള്ള പ്രവൃത്തി ദിവസമോ പഞ്ചായത്തിൽ അടവാക്കിയതായി തെളിയിക്കുന്നതിന് ആധികാരികമായ രേഖകളില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/08.01.2026-ന് മറുപടിയായി ഒറിജിനൽ രസീതുകൾ ഗുണഭോക്താക്കളിൽ നിന്നും തിരികെ വാങ്ങി പരിശോധനക്കായി സമർപ്പിട്ടുണ്ടെന്നും രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവ് മൂലമാണ് മറ്റ് അപാകതകൾ സംഭവിച്ചതെന്നും കളക്ഷൻ

രജിസ്റ്റർ എഴുതി തയ്യാറാക്കി ഓഡിറ്റിന് മുമ്പാകെ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പരിശോധനക്കായി ലഭ്യമാക്കിയ ഒറിജിനൽ രസീതുകൾ എഴുതുന്നതിന് ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ലെന്നും രസീതുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ അപൂർണമാണെന്നും കാണുന്നു.

രസീതുകൾ എഴുതി നൽകുമ്പോൾ ഭാവിയിൽ ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്നും മേൽ പ്രകാരമുള്ള രസീതുകൾ പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം കളക്ഷൻ ദിവസമോ അതിനു തൊട്ടടുത്തുള്ള പ്രവൃത്തി ദിവസമോ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോയെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തി 2024-25 വർഷത്തെ കളക്ഷൻ രജിസ്റ്റർ തയ്യാറാക്കി (തുക പഞ്ചായത്തിൽ അടവാക്കിയ വിശദാംശങ്ങൾ ഉൾപ്പെടെ) സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-16 കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല, വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കൽ കാര്യക്ഷമമല്ല.

സർക്കാർ ഉത്തരവ് (സാധാ) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്നു നിർദേശിച്ചിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.5.2022 ഖ.6.6.7iv പ്രകാരം കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്നും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പദ്ധതിയുടെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 13ാം പഞ്ചവൽസരപദ്ധതിക്കായുള്ള സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരവും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃഗ്രൂപ്പുകൾക്ക് കൈമാറണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

രജിസ്റ്റർ പരിശോധനയിൽ 2024-25 വർഷത്തിൽ പഞ്ചായത്ത് നേരിട്ടു നടത്തുന്ന കുടിവെള്ള പദ്ധതിയിൽ ആകെ 1306 കണക്ഷനുകൾ നൽകുകയും 1262 കണക്ഷനുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ കണക്ഷനും മാസം 50/- രൂപ വീതം ഫിക്സഡ് നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വെള്ളക്കരം കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻവർഷങ്ങളിലെ വെള്ളക്കരം കുടിശ്ശിക<br>(B-15 ഷെഡ്യൂൾ - ഹെഡ്കോഡ് 431100103) | 3,69,975.00 |
| തൻവർഷത്തെ വെള്ളക്കരം കുടിശ്ശിക<br>(B-15 ഷെഡ്യൂൾ - ഹെഡ്കോഡ് 431100103) | 18,31,110.00 |
| ആകെ | 22,01,085.00 |

മേൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം കുടിവെള്ള വിതരണ പദ്ധതികൾ നാളിതുവരെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാതെ പഞ്ചായത്ത് നേരിട്ട് നടത്തി വരുന്നതിനും ഓരോ വർഷവും വർദ്ധിച്ചു വരുന്ന വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/13.01.2026-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിലെ വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അദാലത്ത് ഉൾപ്പെടെയുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചും എത്രയും പെട്ടെന്ന് ഗുണഭോക്തൃ സമിതി രൂപീകരിച്ച് കുടിവെള്ള വിതരണ പദ്ധതി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനു മുൻപ് തന്നെ ധനസഹായം അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ വി ഇ ഒ – സർക്കിൾ 1

| | |
|---|---|
| പ്രൊജക്ട് നം. | 85/25 |
| പ്രൊജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ ജനറൽ |
| അടങ്കൽ | അടങ്കൽ - 1200000 |
| ചെലവ് | ചെലവ് - 780000 |

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ ഖണ്ഡിക 6-7 ലെ ക്രമ നമ്പർ 4 പ്രകാരം ഗുണഭോക്താവ് കരാറിൽ ഏർപ്പെട്ടതിനു ശേഷം 50% തുക മുൻകൂറായി നല്കാവുന്നതും രണ്ടാം ഗഡു നല്കുമ്പോൾ പൊതുനിബന്ധനയിലെ ഖണ്ഡിക 2.9 ലെ മാർഗ്ഗനിർദ്ദേശപ്രകാരം ബന്ധപ്പെട്ട ഓവർസിയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഗഡുക്കളായി പൊതു വിഭാഗത്തിന് 25000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആകെ 48 ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം അടങ്കൽ വെച്ചിട്ടുള്ളത്. എന്നാൽ 39 ഗുണഭോക്താക്കൾക്കാണ് 2024-25 വർഷം ഗഡുക്കൾ അനുവദിച്ചത് ആദ്യ ഗഡുവായി 10000, രണ്ടാം ഗഡു 15000 എന്ന നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. 26 ഗുണഭോക്താക്കൾക്ക് രണ്ടു ഗഡുവും 13 ഗുണഭോക്താക്കൾക്ക് ഒരു ഗഡുവും തൻവർഷം അനുവദിച്ചിട്ടുണ്ട് . എല്ലാവരും നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പട്ടികയിൽ ചേർത്ത തുക കൈപ്പറ്റിയതിനു ശേഷമാണ് ഓവർസിയറുടെ വാലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്.

| ധനസഹായം ലഭിച്ചവരുടെ പേര് | തുക നല്കിയത്/ തീയതി | വാലേഷൻ സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | രജിസ്റ്ററിലെ ക്രമനമ്പർ |
|---|---|---|---|
| വേലായുധൻ S/O നാരായണൻ കളത്തൊടി, കുട്ടൻകോട് | 1) ബിൽ നമ്പർ 17-10/03/25 10000 2)ബിൽ നമ്പർ 23-21/03/25 15000 | AE/LSGD/TRR/2024-25 തീയതി 16/4/25 | 4 |
| സരോജിനി, തന്നിക്കൽ വീട്, പഴമ്പാലക്കോട് | 1) ബിൽ നമ്പർ 17-10/03/25 10000 2) ബിൽ നമ്പർ 23-21/03/25 15000 | AE/LSGD/TRR/2024-25 തീയതി 16/4/25 | 8 |
| ഇബ്രാഹിം, S/O അഹമ്മദ്, വേങ്ങപറമ്പ് ഹൌസ്, തോടുകളം | 1) ബിൽ നമ്പർ 17-10/03/25 10000 2) ബിൽ നമ്പർ 23-21/03/25 15000 | AE/LSGD/TRR/2024-25 തീയതി 16/4/25 | 10 |

വി ഇ ഒ - സർക്കിൾ II

| | |
|---|---|
| പ്രൊജക്റ്റ് നം. | 91/25 |
| പ്രൊജക്ടിന്‍റെ പേര് | ഭവനപുനരുദ്ധാരണം (SC) |
| അടങ്കൽ | 1000000 |
| ചെലവ് | 450000 |

ഭവനപുനരുദ്ധാരണം (SC) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് അനുവദിച്ചിട്ടുള്ള ധനസഹായം 50,000/- രൂപയാണ് . തൻവർഷം 12 ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. 6 പേർക്ക് മുഴുവൻ തുകയും ബാക്കി 6 പേർക്ക് ഒരു ഗഡുവാണ് അനുവദിച്ചിട്ടുള്ളത്.

ധനസഹായം അനുവദിച്ചതിന്‍റെ രേഖകൾ പരിശോധിച്ചതിൽ ഓവർസിയറുടെ വാലേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപു തന്നെ ഏതാനും പേർക്ക് അവസാന ഗഡു നല്കിയിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| ധനസഹായം ലഭിച്ചവരുടെ പേര് | തുക നല്കിയത്/ തീയതി | വാല്യുയേഷൻ നമ്പർ/ തീയതി | രജിസ്റ്ററിലെ ക്രമനമ്പർ |
|---|---|---|---|
| കൃഷ്ണൻ S/O പരക്കോടൻ, കൊളറോഡ്, വാവുള്ള്യാപുരം | 1)ബിൽ നമ്പർ 15-27/02/25 25000<br>2) ബിൽ നമ്പർ 19-12/03/25 25000 | AE/LSGD/TRR/2024-25<br>തീയതി 7/4/25 | 1 |
| തങ്ക W/O ചാമി കരടികുന്ന്, അരിയാശ്ശേരി | 1.) ബിൽ നമ്പർ 15-27/02/25 25000<br>2) ബിൽ നമ്പർ 19-12/03/25 25000 | AE/LSGD/TRR/2024-25<br>തീയതി 19/3/25 | 2 |
| അമ്മു രാമൻ കൊളറോഡ്, വാവുള്ള്യാപുരം | 1.) ബിൽ നമ്പർ 14-27/02/25 25000<br>2) ബിൽ നമ്പർ 21-15/03/25 25000 | AE/LSGD/TRR/2024-25<br>തീയതി 7/4/25 | 3 |

മൂല്യനിർണ്ണയത്തിന്‍റെ അടിസ്ഥാനത്തിൽ 2 ാം ഗഡു അനുവദിക്കണമെന്നിരിക്കെ വാലേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക നല്കാനുണ്ടായ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ നം. 8-8/1/2026ന് പണി പൂർത്തീകരിച്ചവയ്ക്കു ഓവർസിയർ പരിശോധിച്ച് പദ്ധതി പ്രകാരമുള്ള തുകയ്ക്ക് വാലേഷൻ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ഓവർസിയറുടെ ജോലിഭാരം മൂലം വാലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് പിന്നീടായതിനാലാണ് താമസം നേരിട്ടതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി വിഹിതം ലാപ്സാകും എന്നുള്ളതിനാലും ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക ബുദ്ധിമുട്ട് കൂടി കണക്കിലെടുത്താണ് ഓവർസിയറുടെ വാലേഷൻ ഉണ്ടെന്നുള്ള ഉറപ്പിൽ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ഭാവിയിൽ ഇത്തരം അപാകത വരുത്താതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും

ഓവർസിയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ മാത്രം രണ്ടാം ഗഡു അനുവദിക്കുകയുള്ളു എന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്.

മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-18 ഒരു പ്രോജക്ടിന് തന്നെ രണ്ടു നിരക്കിൽ ഗുണഭോക്തൃവിഹിതം പിരിച്ചു-**

നിർവഹണ ഉദ്യോഗസ്ഥ – കൃഷി ഓഫീസർ

| | |
|---|---|
| പ്രൊജക്ട് നം. | 22/25 |
| പ്രൊജക്ടിന്റെ പേര് | നെൽ കൃഷി വികസനം |
| അടങ്കൽ | 800000 വികസന ഫണ്ട് (ജനറൽ)<br>1238250 ഗുണഭോക്തൃവിഹിതം |
| ചെലവ് | 800000 വികസന ഫണ്ട് (ജനറൽ)<br>1238250 ഗുണഭോക്തൃവിഹിതം |
| ബിൽ നമ്പർ/ തീയതി | 1) 1-2024-25 തീയതി 22/06/24<br>145000/-<br>2) 3-2024-25 തീയതി 23/08/24<br>357750/-<br>3) 18-2024-25 തീയതി 14/03/25<br>297250/-<br>4) വൗച്ചർ നമ്പർ 22401391 തീയതി 21/03/25<br>735500/-<br>5) വൗച്ചർ നമ്പർ 22400880 തീയതി 6/12/24<br>402750/-<br>6) വൗച്ചർ നമ്പർ 22400881 തീയതി 6/12/24<br>100000/- |

അംഗീകൃത സ്ഥാപനത്തിൽ നിന്നും നെൽ വിത്തും, ഡൈഞ്ച വിത്തും 50% വരെ സബ്സിഡിയോടുകൂടി ഒന്നാം വിളയ്ക്കും രണ്ടാം വിളയ്ക്കും വിതരണം ചെയ്യാനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.

ഡൈഞ്ച വിത്ത് 2000 കിലോ ഹരിതം ഇക്കോഷോപ്പിൽ നിന്നും കിലോക്ക് 100 രൂപ പ്രകാരം വാങ്ങിയിട്ടുണ്ട്.( ബിൽ നമ്പർ 302 തീയതി 24/4/24)

50 % സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുമുണ്ട്.

ഇൻവോയ്സ് പ്രകാരം ഉമ നെൽ വിത്ത് വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | വാങ്ങിയ സ്ഥാപനത്തിന്റെ പേര് | വാങ്ങിയത് | തുക |
|---|---|---|---|
| Invoice No SSFM:01/2024-25<br>Dt 23.4.24 | സീഡ് ഫാം മുതലമട | 2250 കിലോ<br>@ 40 രൂപ | 90000 |
| No. 5(7)/Accts/NSC.PGT/2024-25/178 Dt 12.7.24 | നാഷണൽ സീഡ് കോർപ്പറേഷൻ ലിമിറ്റഡ്, കഞ്ചിക്കോട് | 15900 കിലോ<br>@ 45 രൂപ | 715500 |

| | | | |
|---|---|---|---|
| No. 5(7)/Accts/NSC.PGT/2024-25/353dt 12.7.24 | നാഷണൽ സീഡ് കോർപ്പറേഷൻ ലിമിറ്റഡ്, കഞ്ചിക്കോട് | 22950 കിലോ @ 45 രൂപ | 1032750 |
| | | 41100 | 1838250 |

ഗ്രാമപഞ്ചായത്തിൽ 20 പാടശേഖരസമിതികളാണ് ഉള്ളത്. ഗുണഭോക്തൃവിഹിതം പാടശേഖരസമിതി മുഖേനയാണ് പിരിച്ചെടുത്തിട്ടുള്ളത്. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.
പാടശേഖരസമിതിയിൽ നിന്നും 50% നിരക്കിൽ ഗുണഭോക്തൃ വിഹിതം വാങ്ങിയത് രശീതി നമ്പർ 1/23980 മുതൽ 21/23980 വരെ 18150 കിലോ യ്ക്കുള്ളത് മാത്രമാണ്.
രശീതി നമ്പർ 36/23980 മുതൽ 41/23980 വരെ ആകെ 4400 കിലോയ്ക്കുള്ള നെൽവിത്തിനുള്ള ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത് ഒരു കിലോയ്ക്ക് 32.04 രൂപ (71.2%)പ്രകാരമാണ്.

രശീതി നമ്പർ 42/23980 മുതൽ 58/ 23980 വരെയുള്ള രശീതികളിൽ നെൽവിത്തിന്റെ തൂക്കം രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രശീതികളിലുള്ള ആകെ വരവ് 589608/- രൂപയാണ്
ഒരേ പ്രോജക്ടിൽ തന്നെ രണ്ടുതരത്തിൽ ഗുണഭോക്തൃഹിതം വാങ്ങാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം 13-12/1/26 ന് ഒന്നാം വിളയ്ക്ക് നെൽവിത്തിന്റെ വിലയുടെ 50% വരെ സബ്സിഡി നൽകാൻ കഴിഞ്ഞിരുന്നുവെന്നും രണ്ടാം വിളയ്ക്ക് നെൽവിത്തിന് ക്ഷാമം നേരിട്ടതിനാൽ പാടശേഖരസമിതികൾ കൂടുതൽ വിത്ത് ആവശ്യപ്പെട്ടതിനാലും സർക്കാർ പദ്ധതിയുടെ ഗുണം എല്ലാ കർഷകർക്കും എത്തിക്കണമെന്ന് ഉദ്ദേശത്തോടുകൂടിയാണ് കൂടുതൽ വിതരണം ചെയ്തതിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡിയിൽ 50 ശതമാനത്തിൽ കൂടുതൽ നൽകിയിട്ടില്ലെന്നും പഞ്ചായത്തിനോ സർക്കാറിനോ യാതൊരുവിധ സാമ്പത്തികം നഷ്ടവും വരുത്തിയിട്ടിലെന്നും കർഷകരുടെ നെല്ല് ഉത്പാദനം കൂട്ടുക എന്ന ഉദ്ദേശത്തോടെ പദ്ധതി നടപ്പിലാക്കുകയാണുണ്ടായതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

അവശ്യകതയനുസരിച്ച് പദ്ധതി തുക വകയിരുത്തേണ്ടതും ഏകീകൃതമായ രീതിയിൽ ഗുണഭോക്തൃ വിഹിതം വാങ്ങി പ്രൊജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ -പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം ബിരുദ ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷനൽ കോഴ്സുകൾ, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ /എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകാവുന്നതാണ്. 24-25 സാമ്പത്തിക വർഷത്തിൽ ലാപ്ടോപ് നൽകുന്നതിനായി സ്പിൽ ഓവർ ഉൾപ്പടെ മൂന്നു പ്രൊജക്ടുകൾ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്ട് | 108/25, എസ് ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| അടങ്കൽ | ₹180000 |
| ചെലവ് | ₹60216 |
| ബിൽ നം./ തീയതി | 03/20.01.25 |

പ്രൊജക്ട് പ്രകാരം ജെം മുഖേന PC-E Systems PVT LTD , ഡൽഹി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. PCES/248/23-24/01.03.24 പ്രകാരം 30108രൂ നിരക്കിൽ 2ലാപ്ടോപ്പുകൾ വാങ്ങി രണ്ടു ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ സവിതമോൾ സ്വാമിനാഥൻ, പെരുപ്പെട്ടിക്കുളമ്പ്, നെച്ചുർ എന്ന ഗുണഭോക്താവിന്റെ കോഴ്സ് സർട്ടിഫിക്കറ്റ്, ഇതേ ആനുകൂല്യം ബ്ലോക്കിൽ നിന്നോ വകുപ്പിൽ നിന്നോ ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന സാക്ഷ്യപത്രം എന്നിവ ചെലവുരേഖകളോടൊപ്പമില്ല. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് (9/08.01.26) ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന മറുപടിയാണ്

ലഭ്യമാക്കിയത്. രേഖകൾ ലഭ്യമാക്കുന്നതുവരെ ഒരു ലാപ്ടോപിന്റെ വിലയായ 30108രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രൊജക്ട് | 65/25, എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| അടങ്കൽ | ₹340000 (വികസനഫണ്ട് എസ് സി പി) |
| ചെലവ് | ₹340000 |
| ബിൽ നം./ തീയതി | 11/25.03.25 |

3)

| | |
|---|---|
| പ്രൊജക്ട് | 109/25 (SO), എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| അടങ്കൽ | ₹640000 (വികസനഫണ്ട് എസ് സി പി) |
| ചെലവ് | ₹636752 |
| ബിൽ നം./ തീയതി | 1/18.05.24 - 481728<br>12/25.03.25-155024 |

ക്രമ നം. 2,3 പ്രൊജക്ടുകളിലായി 32 ലാപ്ടോപുകൾ ജെം മുഖേന വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വാങ്ങലിന്റെ വിവരം ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് നം./ തീയതി | എണ്ണം | നിരക്ക് |
|---|---|---|---|
| Subh Laxmi Enterprises, Delhi | SLE/048/24-25/05.03.25 | 16 | 30939 |
| PC-E Systems PVT LTD | PCES/244/23-24/01.03.24 | 4 | 30108 |
| | PCES/245/23-24/01.03.24 | 4 | 30108 |
| | PCES/246/23-24/01.03.24 | 4 | 30108 |
| | PCES/247/23-24/01.03.24 | 4 | 30108 |

പ്രൊജക്ടുകളുടെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) താഴെപ്പറയുന്ന വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്ഥാപനങ്ങളുടെ യൂണിവേഴ്സിറ്റി അഫിലിയേഷൻ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര്, കോഴ്സ് | സ്ഥാപനം |
|---|---|---|
| 1 | സഞ്ജയ് കൃഷ്ണൻ യു, ഉണ്ണികൃഷ്ണൻ, Diploma In CNC | Ambit Automation, ചിറ്റൂർ റോഡ്, കൊച്ചി |
| 2 | ഐശ്വര്യ, D/O ശ്രീജ, ചെമ്പ്രകുളമ്പ് വീട് ബികോം I Year | ബി എസ് എസ് വനിതാ കോളേജ്, ആലത്തൂർ |
| 3 | അനില കെ, D/O കൃഷ്ണൻ, പൂവത്തിങ്കൽ ഹൗസ്, തരൂർ, ബികോം I Year | ,, |
| | | |

| | | |
|---|---|---|
| 4 | പ്രവീണ, അഴുവക്കോട്,ചിറക്കോട്, BA I Year | ,, |
| 5 | നന്ദന വി, D/Oഉദയകുമാർ, മേലേചിറ, നെച്ചൂർ ബികോം I Year | ,, |

B) താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ കോഴ്സിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. ആര്യ D/Oചന്ദ്രൻ, പുള്ളിപ്പറമ്പ്, തരൂർ

2. ശരത്ത് എസ് S/O ശങ്കരൻ, പടപ്പാടം, പഴമ്പാലക്കോട്

3. വിസ്മയ D/Oവിനോദ്, കടവത്ത് കുളമ്പ് ഹൗസ്, നെച്ചൂർ.

ഓഡിറ്റ് അന്വേഷണം (5/08.01.26) നൽകിയതിന് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ 8 ലാപ്ടോപ്പുകളുടെ തുക (5x30108+3x30939) 243357രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 എസ് ടി കുടുംബങ്ങൾക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യൽ

| | |
|---|---|
| പ്രൊജക്ട് | 192/25, എസ് ടി കുടുംബങ്ങൾക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യൽ |
| അടങ്കൽ | ₹170000 (20000-തനത്ഫണ്ട്, 150000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹87500 -ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| ട്രഷറി ബിൽ നം./തീയതി | 8/19.3.25- 35000<br>5/14.3.25- 52500 |

എസ് ടി കുടുംബങ്ങൾക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യൽ എന്ന മേൽപരാമർശിച്ച പ്രൊജക്ട് വ്യവസായം, സ്വയം തൊഴിൽസംരംഭങ്ങൾ എന്ന മേഖലയിലും പരമ്പരാഗത കൈത്തൊഴിലുകൾ എന്ന ഉപമേഖലയിലും ഉൾപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 115/2022/തസ്വഭവ തീയതി 28.05.22 – ഖണ്ഡിക 6.5.2 എ 1, 5 എന്നിവ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വ്യക്തിഗത ആനുകൂല്യമായി ആകെ ചെലവിന്റെ 75% തുകയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത കൈത്തൊഴിൽ (മുള, ഈറ, വൈക്കോൽ, തഴ, തടി, ചിരട്ട തുടങ്ങിയവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺപാത്ര നിർമ്മാണം, കയർ പിരിക്കൽ/ കരകൗശല പ്രവൃത്തികൾ തുടങ്ങിയവ) ചെയ്യുന്നവർക്കാണ് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.5.2.എ-5 പ്രകാരം സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ പ്രൊജക്ട് പ്രകാരം 100% സബ്സിഡിയിൽ അഞ്ചു ഗുണഭോക്താക്കൾക്ക് തൊഴിൽ ഉപകരണമായി കാടുവെട്ടിയന്ത്രം വാങ്ങി നൽകിയിരിക്കുകയാണ്. ജെം മുഖേന പവർബോട്ട്സ് ഓട്ടോമേഷൻ, നരോദ, അഹമ്മദാബാദ് എന്ന സ്ഥാപനത്തിൽ നിന്നും അഞ്ച് കാടുവെട്ടിയന്ത്രം വാങ്ങിയതിന്റെ വിശദാംശം ചേർക്കുന്നു.

| ഇൻവോയ്സ് നം/തീയതി | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| PBGC-3522/24-25/03.02.25 | 3 | 17500 | 52500 |
| PBGC-3570/24-25/04.03.25 | 2 | 17500 | 35000 |

ഇപ്രകാരം മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് തുക ചെലവഴിച്ചതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/13.01.26) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ അനുമതി ലഭ്യമാകുന്നതുവരെ മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പ്രകാരം നടത്തിയ ചെലവ് തുക

87500രൂ തടസ്സപ്പെടുത്തുന്നു. പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ പാലിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതും മേൽപ്പറഞ്ഞ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-21 സാമൂഹ്യ സുരക്ഷാമിഷന് തുക കൈമാറൽ - വിനിയോഗിക്കാതെ തുക ശേഷിക്കുന്നു

| | |
|---|---|
| പ്രൊജക്ട് | 4/25, -സാമൂഹ്യ സുരക്ഷാമിഷന് പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 (50000-വികസന ഫണ്ട്പൊതുവിഭാഗം, 50000-കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹100000 (50000-വികസന ഫണ്ട്പൊതുവിഭാഗം, 50000-കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./ തീയതി | 20/31.01.25-50000, XVFC/2024-25/P/26/31.01.25-50000 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 ഖണ്ഡിക പ്രകാരം കോക്ളിയർ ഇംപ്ലാന്റ് മെയിന്റനൻസിനായി തുക സാമൂഹ്യാ സുരക്ഷാമിഷന് നൽകാവുന്നതാണ്. പഞ്ചായത്തിലെ താഴെപ്പറയുന്ന രണ്ടു ഗുണഭോക്താക്കൾക്കായി 50000രൂപവീതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് (PUNB0330100-3301005800000015) കൈമാറിയിട്ടുണ്ട്.

1. അസീമുഷഹാൻ എസ്, D/O അൻസിയ എ, കുണ്ടുകാട് ഹൗസ്, വാവുള്ള്യാപുരം

2. ആതിര ആർ, D/O രാജൻ കെ, കുണ്ടുപറമ്പ്, അത്തിപ്പൊറ്റ

സ.ഉ സാധാ നം. 162/2023/SJD/26.07.2023 പ്രകാരം വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകണമെന്നും ത സ്വ ഭ (ഡി എ) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023-തസ്വഭവ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശസ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്കായി പ്രൊജക്ട് പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം, സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (5/08.01.26) നൽകിയതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. ഇതിൽ അസീമുഷഹാൻ.എസ് എന്ന ഗുണഭോക്താവിനായി കൈമാറിയ തുകയിൽ 42244രൂപയും ആതിര.ആർ -നായി നൽകിയ തുകയിൽ 32995രൂപയും വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. വിനിയോഗിക്കാതെ ശേഷിക്കുന്ന തുക 24761രൂ തിരികെ ലഭ്യമാക്കി സ്രോതസ്സിലേക്ക് അടവാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 പഞ്ചായത്ത് ഹാളിലേക്ക് ടേബിൾ വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് | 137/25, പഞ്ചായത്ത് മീറ്റിംഗ് ഹാൾ പുനരുദ്ധാരണം |
| അടങ്കൽ | ₹273584-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | ₹197999 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./ തീയതി | 6/23.07.24 |

പഞ്ചായത്തിന്റെ മീറ്റിംഗ് ഹാളിലേക്ക് ജെം മുഖേന മോഹൻ ബ്രദേഴ്സ്, തിരുവല്ല, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും 19 ടേബിളുകൾ (Modlar Extendable Conference Table) 10421രൂ നിരക്കിൽ വാങ്ങുന്നതിനാണ് (ഇൻവോയ്സ് നം. 54/28.05.24) പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ചെലവുരേഖകളുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം 19ടേബിളുകൾക്ക് 10421രൂപാ നിരക്കിലുള്ള തുകയാണ് നൽകിയിരിക്കുന്നത്. എന്നാൽ മീറ്റിംഗ് ഹാളിൽ നിലവിലുള്ളത് മൂന്നുതരം സ്പെസിഫിക്കേഷനിലുള്ള 9 ടേബിളുകളാണ്. ജെം- ൽ നിന്നും ലഭ്യമായ സ്ഥാപനവുമായുള്ള 19.03.24-ലെ കോൺട്രാക്റ്റ്, Comparison Statement എന്നിവയിലും ഇൻവോയ്സ് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. ഇൻവോയ്സ് പ്രകാരമുള്ളതും ലഭ്യമായതുമായ ഫർണിച്ചറുകളിൽ സ്പെസിഫിക്കേഷൻ, എണ്ണം എന്നിവയിൽ മാറ്റം വന്നിട്ടുള്ള സാഹചര്യത്തിലും ഇൻവോയ്സ് പ്രകാരമുള്ള തുക അനുവദിച്ചിരിക്കുന്നു.

2) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09-04-2023-ലെ സ.ഉ (കൈ) നം.90/2023 നമ്പർ ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമാണ് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

01.04.23 മുതൽ പ്രാബല്യത്തിൽ വന്ന വിനിയോഗ മാർഗ്ഗരേഖ പ്രകാരം അനിവാര്യ ഇനങ്ങൾ, മുൻഗണനാ ഇനങ്ങൾ, അഭിലഷണീയ ഇനങ്ങൾ എന്നിങ്ങനെ മൂന്നിനങ്ങളിലായി ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രസ്തുത മാർഗരേഖയിലെ ഖണ്ഡിക2.6.1 പ്രകാരം തനത് സ്ഥാപനത്തിന്റെയും തനത് ആസ്തികളുടെയും ആവശ്യങ്ങൾക്കായി മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ് വിനിയോഗിക്കാൻ പാടില്ല. ഖ.2.7 ൽ- നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ലാത്ത ഇനങ്ങൾ ലിസ്റ്റ് (നെഗറ്റീവ് ലിസ്റ്റ്) ചെയ്തിട്ടുമുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായാണ് തുക വിനിയോഗിച്ചിരിക്കുന്നത്.

മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ് തനത് സ്ഥാപനത്തിനായി വിനിയോഗിച്ചതിലും ജെം മുഖേന ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ, എണ്ണം എന്നിവയിലെ വ്യത്യാസം പരാമർശിച്ചും ഓഡിറ്റ് അന്വേഷണം (12/12.01.26) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ ചെലവുതുക 197999രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മറുപടി ലഭ്യമാക്കേണ്ടതും മെയിന്റനൻസ് ഗ്രാന്റ് ഇപ്രകാരം വിനിയോഗിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 തെരുവുവിളക്ക് മെയിന്റനൻസ് - രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് | 130/25 (So), തെരുവ് വിളക്ക് റിപ്പയർ ലേബർ ചാർജ് |
| അടങ്കൽ | ₹69645, വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹69000 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ട്രഷറി ബിൽ നം./ തീയതി | 16/20.01.25 |

തെരുവു വിളക്ക് വാർഷിക അറ്റകുറ്റപ്പണി ചെയ്തതിന്റെ തുകയായി 69000രൂ ശ്രീ.ബാലസുബ്രമണ്യൻ, പവർ കൺട്രോൾ എഞ്ചിനീയേഴ്സ്, ഷൊർണ്ണൂർ- ന് നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി ഓരോ വാർഡിലെയും മെമ്പർമാരുടെ സാക്ഷ്യപത്രം, തുക ആവശ്യപ്പെട്ട് കൊണ്ട് ശ്രീ ബാലസുബ്രമണ്യൻ നൽകിയ കത്ത് (തീയതി രേഖപ്പെടുത്തിയിട്ടില്ല) എന്നിവ ലഭ്യമാക്കിയ രേഖകളോടൊപ്പമുണ്ടെങ്കിലും പ്രവൃത്തിയ്ക്കായി ടെണ്ടർ നടത്തിയതിന്റെയും ടെണ്ടർ ഉറപ്പിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (20/14.01.26) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കൈമാറിയ തുകയുടെ കൃത്യത

ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവു തുക 69000രൂ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ ടെണ്ടർ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണം- പ്രവൃത്തി ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 141/25 അങ്കണവാടിക്ക് സ്ഥലം വാങ്ങൽ |
| അടങ്കൽ | ₹700000 -വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹186500 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ട്രഷറി ബിൽനം./ തീയതി | 14/19.12.24 |

അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി (റീസർവെ നം. 31/60, തരൂർ വില്ലേജ്-I) ശ്രീ ഷംസുദ്ദീൻ, വാരുകുന്ന്, കണ്ണമ്പ്ര എന്നവരുടെ പക്കൽ നിന്നും 3.73സെന്റ് സ്ഥലം 50000രൂ നിരക്കിൽ വാങ്ങുകയും ആധാരം സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. KL09012305285/2025/07.10.25 നം. രശീതി പ്രകാരം ഭൂനികുതി അടവാക്കിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയായി ആസ്തിരജിസ്റ്ററിൽ ചേർത്തതിന്റെയും നിലവിൽ അങ്കണവാടിക്കായി കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശം അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം (5/08.01.26) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. സ്ഥലം പഞ്ചായത്തിന്റെ ആസ്തിയായി ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതും കെട്ടിടനിർമ്മാണത്തിനായി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-25 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - തനത് ഫണ്ടിന് അധികചെലവ്

തരൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ പഞ്ചായത്ത് നേരിട്ട് നടത്തുന്ന 10കുടിവെള്ള പദ്ധതികളാണുള്ളത്. വിശദാംശം ചേർക്കുന്നു.

| | |
|---|---|
| വാർഡ് 1 | തോട്ടിൻപള്ള |
| 2 | പഴമ്പാലക്കോട് |
| 3 | ചേരിക്കൽ |
| 4 | കുന്നിൻപുറം |
| 6 | ഒറവഞ്ചാൽ |
| 11 | മരുതക്കോട് |
| 13 | തരൂർ |
| 14 | നെല്ലുകുത്താംകുളം |
| 15 | അരിയശ്ശേരി |
| 16 | കുരുത്തിക്കോട് |

കുടിവെള്ള പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം, നിരക്ക് എന്നിവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (19/13.01.26) നൽകിയതിന് ലഭ്യമാക്കിയ മറുപടി പ്രകാരം 1313 ഗാർഹിക കണക്ഷനുകളും ഒരു ഗാർഹികേതര കണക്ഷനുമാണുള്ളത്. ഗാർഹിക കണക്ഷന് 50രൂപ നിരക്കിലും ഗാർഹികേതര കണക്ഷന് 150രൂ നിരക്കിലുമാണ് വെള്ളക്കരം ഈടാക്കുന്നത്.

മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിവരം ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വൈദ്യുത ചാർജ് | 1654175 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 657000 |
| പ്രൊജക്റ്റ് പ്രകാരമുള്ള ചെലവുകൾ | |

| | |
|---|---|
| 154/25,തരൂർ കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർടാങ്ക് | 728651 |
| 172/25,നെല്ലിപ്പാടം കുടിവെള്ള പദ്ധതി വാട്ടർടാങ്ക് | 768066 |
| 176/25,പള്ളിയിൽമൊക്ക് കുടിവെള്ള പദ്ധതി | 102680 |
| 35/25, കാവുങ്കൽ കുടിവെള്ള പദ്ധതി | 118703 |
| 233/25,അരിയശ്ശേരി കുടിവെള്ള പദ്ധതി | 136497 |
| 138/25, പൈപ്പ് ലൈൻ മെയിന്റനൻസ് | 198166 |
| ആകെ ചെലവ് | 4363938 |

തനതുവരുമാനം കുറവായ പഞ്ചായത്തിൽ കുടിവെള്ള പദ്ധതിയ്ക്കായി 24-25 സാമ്പത്തിക വർഷത്തിൽ 4363938രൂ ചെലവഴിച്ചിരിക്കുന്നു. തൻവർഷം വെള്ളക്കരം വരവിനത്തിൽ 381,275.00 രൂപയും കുടിശ്ശിക വരവായി 143120 രൂപയും ഉൾപ്പെടെ ആകെ 524395 രൂപയാണ് വരവുള്ളത്. എന്നാൽ പദ്ധതിയുടെ വൈദ്യുതി ചാർജും വേതനവും മാത്രം 2311175 രൂപ ചെലവുണ്ട്. തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ ഇപ്രകാരമുള്ള ഭീമമായ സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നത് ആശാസ്യമല്ല

ചെലവു കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ, കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ട ഉൾപ്പെടുത്തിയെങ്കിലും ആയത് നിലവിൽ പരിഗണിച്ചിട്ടില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്. പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്, വൈദ്യുതി ചാർജ് എന്നിവക്കായി തനതുവരുമാനത്തിൽ ഒരു വലിയ തുക തന്നെ ചെലവഴിക്കേണ്ടിവരുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ നേരിട്ടുള്ള നടത്തിപ്പിലൂടെ പഞ്ചായത്തിന് ഇപ്രകാരം ബാധ്യത ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും 24-25 സാമ്പത്തിക വർഷത്തിലും പുതിയ കുടിവെള്ള പദ്ധതികൾയ്ക്കായി പ്രൊജക്ട് നടപ്പിലാക്കുന്നു. ഇതിൽ അനുയോജ്യമായ നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 മരാമത്ത് പ്രവൃത്തികൾ -അവലോകനം

1. 2024-25 വർഷം സുലേഖ പത്രിക പ്രകാരം 103 പദ്ധതികൾക്ക് അംഗീകാരം ലഭ്യമായെങ്കിലും 66 പദ്ധതികൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. 54605932 രൂപ അടങ്കലിൽ 24523921 മാത്രമാണ് ചെലവ് . ചെലവ് ശതമാനം 45%. ഇതിൽ 13 പ്രവൃത്തികൾ മുൻവർഷത്തെ Q Bill ൽ ഉൾപ്പെട്ടതാണ്.

ചെലവ് ചെയ്ത 66 പ്രവർത്തികളിൽ 40 പദ്ധതികളും സ്പിൽ ഓവർ പ്രൊജക്ടുകളാണ്.

സ്പിൽ ഓവർ പ്രവൃത്തികളിൽ 13 പ്രവൃത്തികൾക്ക് തൻവർഷം ചെലവില്ല. ആയതിന്റെ കാരണവും പ്രവൃത്തി നടപ്പിലാക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി -17/13- 1-26 ന് മറുപടി ലഭിച്ചില്ല

2024-25 വർഷത്തെ പുതിയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടില്ല. ചെലവ് ചെയ്ത പ്രൊജക്ടുകളിൽ പലതും പാർട്ട് ബിൽ മാത്രമാണ് നൽകിയിട്ടുള്ളത്.

റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭിച്ച 34266000 രൂപയിൽ 15632116 രൂപ മാത്രമാണ് ചെലവഴിച്ചത്. 18633884 രൂപ ചെലവഴിക്കാതെ ലാപ്സായി.

പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ സാമ്പത്തിക വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ല.മാത്രമല്ല പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഭൗതികനേട്ടം നിഷേധിക്കപ്പെടുകയും ചെയ്തു.

2. 2022-23 ൽ ആരംഭിച്ച റോഡ് പ്രവൃത്തികൾ പോലും നിലവിലും പൂർത്തീകരിച്ചിട്ടില്ല . ഉദാഹരണം താഴെ ചേർക്കുന്നു.

പ്രവൃത്തി - കുളക്കാട് എസ്.സി കോളനി റോഡ് റീടാറിംഗ് (110/25)-

അടങ്കൽ - 450894 (SCP)

ചെലവ് -229197

ബിൽ 1/14.5.24

കരാറുകാരൻ - ശ്രീ.എ.വി സച്ചിദാനന്ദൻ

കരാർ 13/12.10.23

കരാർ കാലാവധി- 8 മാസം.

22.10.23 ന് സൈറ്റ് കൈമാറിയ പ്രവൃത്തിയിൽ കോൺക്രീറ്റിംഗ് മാത്രം 17.1.24 മുതൽ 3.2.24 വരെ ചെയ്ത് പാർട്ട് ബിൽ തുക 229197 രൂപ നൽകിയിട്ടുണ്ട്. നാളിതുവരെ തുടർപ്രവൃത്തികൾ നടന്നതായി കാണുന്നില്ല. ഫയൽ പരിശോധിച്ചതിൽ കരാറുകാരന് നോട്ടീസ് നൽകിയതായോ നിയമാനുസൃത നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

കരാർ വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കകം പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. ആസ്തികളുടെ അറ്റകുറ്റ പ്രവൃത്തികളുടെ കാര്യത്തിൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി വർഷം പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിന് വേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ.(കൈ) നം.84/2022 തീയതി 9.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-8 ൽ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.
കൃത്യമായ ഇടവേളകളിൽ റോഡ് മെയിന്റനൻസ് നടത്താത്തത് കൊണ്ടാണ് റോഡ് മൊത്തമായി പൊളിച്ച് മാറ്റുന്ന റോഡ് സ്കാരിഫിക്കേഷൻ, പോട്ട് ഹോൾ ഫില്ലിംഗ് തുടങ്ങിയ ഇനങ്ങൾ റീടാറിംഗ് പ്രവൃത്തികളിലെല്ലാം ഉൾപ്പെടുത്തേണ്ടി വരുന്നത്. ഇതുമൂലം മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവ് കൂടുന്നു. ഇത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു. കൃത്യമായ ഇടവേളകളിൽ റോഡുകളുടെ മെയിന്റനൻസ് നടപ്പിലാക്കി ഇത്തരം അധിക ചെലവ് ഒഴിവാക്കേണ്ടതാണ്.

4 .ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ച ശേഷവും ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി തുക വകയിരുത്തുന്നു.
ഗ്രാമപഞ്ചായത്തിൽ 2020-21 മുതൽ ജലജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ള കണക്ഷൻ നൽകിവരുന്നുണ്ട്. ജലജീവൻ മിഷനിലൂടെ 100% വീടുകൾക്കും വാട്ടർ കണക്ഷൻ ഉറപ്പുവരുത്തുന്നതിനാൽ ഗ്രാമപഞ്ചായത്ത് പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ക്രമപ്രകാരമല്ല.
വിശദവിവരം താഴെ ചേർക്കുന്നു
1.കാവുങ്കൽ കുടിവെള്ള പദ്ധതി - 35/24-25

അടങ്കൽ -500000 (CFC)

ചെലവ് - 118703 (ACR Bill No-276/ 13-03-2025)

2.മാട്ടുമല കുടിവെള്ള പദ്ധതി 37/24 - 25

അടങ്കൽ -500000 (CFC) (ACR ബിൽ നം -277/13-3.25)

ചെലവ് - 136686

3.തരൂർ കുടിവെള്ള പദ്ധതി വാട്ടർടാങ്ക് - 161/22-23

അടങ്കൽ - 1050000

ചെലവ് - 728651- ബിൽ 58/24.3.25

തരൂർ കുടിവെള്ള പദ്ധതിക്കായി 4x4x2 M കോൺക്രീറ്റ് ടാങ്ക് നിർമ്മിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. 6.11.22 ന് ആരംഭിച്ച പദ്ധതിയുടെ ഫൈനൽ ബിൽ 2025-26 വർഷം നൽകി.
4.പള്ളയിൽമൊക്ക് കുടിവെള്ള പദ്ധതി 176/24 - 25
അടങ്കൽ - 122467 (CFC)
ചെലവ് -102680

മേൽ പറഞ്ഞ പ്രവൃത്തികൾക്ക് 2024-25 വർഷം പാർട്ട് ബിൽ നൽകിയിട്ടുണ്ട്, പ്രവൃത്തി പൂർത്തീകരിച്ച് ഉപയോഗക്ഷമമാക്കിയോ എന്ന വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-17/13.1.25 ന് മറുപടി ലഭിച്ചില്ല. പദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതും കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതുമാണ്. ജലജീവൻ മിഷൻ നടപ്പിലാക്കിയ സാഹചര്യത്തിൽ തുടർന്ന് കുടിവെള്ളപദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

5 ഇൻഷ്വറൻസ് കാലാവധി

മരാമത്ത് പ്രവർത്തികളുടെ LOA പ്രകാരം കരാറുകാരൻ പ്രവൃത്തിയുടെ ആരംഭം മുതൽ പൂർത്തീകരണം വരെയുള്ള കാലയളവിലേക്ക് ഇൻഷ്വറൻസ് എടുക്കേണ്ടതാണ്. എന്നാൽ പല മരാമത്ത് പ്രവൃത്തികളിലും ആവശ്യമായ കാലയളവിലേക്ക് ഇൻഷ്വറൻസ് എടുത്തിട്ടില്ല.

ഉദാ- മാട്ടുമല പള്ളി റോഡ് റീടാറിംഗ് - 33/24-

ഇൻഷ്വറൻസ് പോളിസി 5-4-24 മുതൽ 4-7-24 വരെയാണ്. എന്നാൽ എം.ബുക്ക് പ്രകാരം പ്രവൃത്തി നടന്നത് 20.3.25 മുതൽ 24.3.25 വരെയാണ്.

പ്രവൃത്തി പൂർത്തീകരണം വരെ (Extended Period ഉൾപ്പെടെ) ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. 2019 ലെ ഫിനാൻസ് ആക്ട് പ്രകാരം സപ്ലിമെന്ററി കരാറുകൾക്കുള്ള മുദ്രവില പൂർത്തീകരിക്കാൻ ബാക്കിയുള്ള ജോലിക്ക് ഉടമ്പടി പ്രകാരം സമ്മതിച്ചിട്ടുള്ള തുകയിന്മേൽ മാത്രം ആയിരിക്കുന്നതാണ്. എന്നാൽ സപ്ലിമെന്ററി കരാറിൽ പലതിലും ആവശ്യമായ മുദ്രവിലയുള്ള സ്റ്റാമ്പ് പേപ്പറിലല്ല ചമച്ചിട്ടുള്ളത്. ഉദാഹരണമായി താഴെ പറയുന്ന പ്രവൃത്തിയിൽ ആവശ്യമായ മുദ്രവിലയുള്ള സ്റ്റാമ്പ് പേപ്പറിലല്ല സപ്ലിമെന്ററി കരാർ ചമച്ചിട്ടുള്ളത്.

. പ്രവൃത്തിയുടെ വിവരം :191/23-24, 162/25-തേനോട് കുളറോഡ് പാലം റോഡ് മെയിന്റനൻസ്

അടങ്കൽ - 1065000– M.G-R

ചെലവ് (24-25)- 1063256

കരാറുകാരൻ- ശ്രീ.എ.വി സച്ചിദാനന്ദൻ

ട്രഷറി ബിൽ ബുക്ക് ക്രമനം/തുക - 62/25.3.25 -

പൂർത്തീകരണ കാലാവധി - 8 മാസം
സൈറ്റ് കൈമാറിയ തിയതി -16.2.2024
പൂർത്തീകരിക്കേണ്ട തീയ്യതി - 15.10.2024
പൂർത്തീകരിച്ച തീയ്യതി - 24.3.2025

പ്രവൃത്തി നടന്ന തിയതി (അളവ് പുസ്തകം പ്രകാരം) - 20.3.25-24.3.25

4.10.24 ന് സപ്ലിമെന്ററി കരാർ വയ്ക്കുമ്പോൾ പ്രവൃത്തി ആരംഭിച്ചില്ല. അതിനാൽ APAC തുകയായ 901715 രൂപയെ അടിസ്ഥാനമാക്കി 910 രൂപയുടെ മുദ്രപത്രത്തിലാണ് സപ്ലിമെന്ററി കരാർ ചമക്കേണ്ടിയിരുന്നത്. എന്നാൽ 400 രൂപയുടെ മുദ്രപത്രത്തിലാണ് കരാർ വെച്ചത്.
മേൽ പറഞ്ഞ വിവിധ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി -17/13- 1-26 ന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തി - കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.
കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള

അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി – 17/13- 1-26 ന് മറുപടി ലഭിച്ചില്ല

1. പ്രവൃത്തിയുടെ വിവരം :183/22, 99/25-നെച്ചൂർ സബ്സെന്ററർ റിപ്പയർ

അടങ്കൽ - 596368– M.G-NR

ചെലവ് (24-25)- 441395

ട്രഷറി ബിൽ ബുക്ക് ക്രമനം/തുക - 9/14.5.24 -183000

24/4.10.24-200000

25/18.12.24 - 58395

PAC - 678928
APAC- 600699
കരാറുകാരൻ - ശ്രീ.പ്രകാശൻ.കെ.വി -
എഗ്രിമെന്റ് നം.: 51/AE/LSGD/16.3.2022
അളവു പുസ്തകം - 183/2021-22
പൂർത്തീകരണ കാലാവധി - 6 മാസം
സൈറ്റ് കൈമാറിയ തിയതി -16.3.2022
പൂർത്തീകരിക്കേണ്ട തീയ്യതി - 15.9.2022
പൂർത്തീകരിച്ച തീയ്യതി - 11.12.2023
പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4 തവണ ദീർഘിപ്പിച്ചിട്ടുണ്ട്

| | ദീർഘിപ്പിച്ച കാലാവധി | കാരണം | റിമാർക്ക്സ് |
|---|---|---|---|
| 1 | 10.12.22-15.3.23 (കരാറുകാരന്റെ 10.12.23 ലെ കത്ത്) | ഗേറ്റ് മാറ്റി സ്ഥാപിക്കാനുള്ള സാങ്കേതിക അനുമതി ലഭിക്കാൻ കാലതാമസം | A.E ശുപാർശ ചെയ്തിട്ടില്ല. (ഫോമിൽ എ.ഇ യുടെ റിമാർക്ക്സ് രേഖപ്പെടുത്തിയിട്ടില്ല) |
| 2 | 10.3.23-15.6.23 | ഗേറ്റ് മാറ്റി സ്ഥാപിക്കാനുള്ള സാങ്കേതിക അനുമതി ലഭിക്കാൻ കാലതാമസം | “ |
| 3 | 10.6.23-15.9.23 | “ | “ |
| 4 | 8.9.23-15.12.23 | പൂർത്തീകരിക്കാൻ കാലതാമസമുണ്ടായി എന്ന് മാത്രമാണ് അപേക്ഷയിൽ ചേർത്തിട്ടുള്ളത് | ബില്ലിൽ നിന്നും ഫൈൻ ഈടാക്കുമെന്ന് അപേക്ഷയിൽ എ.ഇ രേഖപ്പെടുത്തിയിട്ടുണ്ട് |

ഈടാക്കേണ്ട ഫൈൻ - 678928 X 3% =20368

ഈടാക്കിയത് - 5148
കുറവ് –**15220**

2. പ്രവൃത്തിയുടെ വിവരം : നൊച്ചൂർ കൊന്നക്കാട് പാലക്കുന്ന് റോഡ് സൈഡ് പ്രൊട്ടക്ഷൻ 105/22, 100/25-

അടങ്കൽ - 500000 M.G-

ചെലവ് (24-25)- 401166

ട്രഷറി ബിൽ ബുക്ക് ക്രമനം - 12/10.5.24 – 401166/-

PAC - 423292
APAC- 322911
കരാറുകാരൻ - ശ്രീ. കെ.സി തങ്കപ്പൻ
എഗ്രിമെന്റ് നം.: 22/AE/LSGD/7.1. 2023
അളവു പുസ്തകം - 98247/2022
പൂർത്തീകരണ കാലാവധി - 6 മാസം

സൈറ്റ് കൈമാറിയ തിയതി -17.1.2023
പൂർത്തീകരിക്കേണ്ട തീയ്യതി - 16.7.2023
പൂർത്തീകരിച്ച തീയ്യതി - 25.3.2024
ഈടാക്കേണ്ട ഫൈൻ - 423292 X 3% =12699
ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത്- **12699**

മെറ്റീരിയൽ ലഭിക്കാനുള്ള കാലതാമസം, കരാറുകാരന്റെ അസുഖം എന്നീ കാരണങ്ങളാലാണ് സമയം ദീർഘിപ്പിച്ച് നൽകിയത്. എന്നാൽ മേൽ പറഞ്ഞവയെല്ലാം കരാറുകാരന്റെതായ കാരണങ്ങളാണ്. അതിനാൽ നിയമാനുസൃത ഫൈൻ ഈടാക്കേണ്ടതായിരുന്നു. 6 മാസത്തിനകം പൂർത്തീകരിക്കേണ്ട പ്രവൃത്തി ഒരു വർഷവും 2 മാസവും കഴിഞ്ഞാണ് പൂർത്തീകരിച്ചത്. കരാർ കാലാവധിയുടെ 50% ൽ അധികം സമയം ദീർഘിപ്പിച്ച് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

3. പ്രവൃത്തിയുടെ വിവരം :191/23-24, 162/25-തേനോട് കുളറോഡ് പാലം റോഡ് മെയിന്റനൻസ്
അടങ്കൽ - 1065000– M.G-R
ചെലവ് (24-25)- 1063256
ട്രഷറി ബിൽ ബുക്ക് ക്രമനം/തുക - 62/25.3.25 – 1063256/-
PAC - 901847
APAC- 901715
കരാറുകാരൻ - ശ്രീ.പ്രകാശൻ.കെ.വി -
എഗ്രിമെന്റ് നം.: 44/AE/LSGD/6.2.2024
അളവു പുസ്തകം - 115351/2023
പൂർത്തീകരണ കാലാവധി - 8 മാസം
സൈറ്റ് കൈമാറിയ തിയതി -16.2.2024
പൂർത്തീകരിക്കേണ്ട തീയ്യതി - 15.10.2024
പൂർത്തീകരിച്ച തീയ്യതി - 24.3.2025
ഈടാക്കേണ്ട ഫൈൻ - 901847 X 3% =27055
ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത്- **27055**

കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരന് അപേക്ഷ നൽകുകയോ നിർവഹണഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

4. പ്രവൃത്തിയുടെ വിവരം :33/23-24, 153/25-മാട്ടുമല പള്ളിറോഡ് റീടാറിംഗ്
അടങ്കൽ - 500000– M.G-R
ചെലവ് - 461227
ട്രഷറി ബിൽ ബുക്ക് ക്രമനം/തുക - 61/25.3.25 – 461227/-
PAC -423425
APAC- 423383
കരാറുകാരൻ - ശ്രീ.എ.വി സച്ചിദാനന്ദൻ -
എഗ്രിമെന്റ് നം.: 47/AE/LSGD/6.2.2024
അളവു പുസ്തകം - 83792/2023
പൂർത്തീകരണ കാലാവധി - 9 മാസം
സൈറ്റ് കൈമാറിയ തിയതി -16.2.2024
പൂർത്തീകരിക്കേണ്ട തീയ്യതി - 15.11.2024
പൂർത്തീകരിച്ച തീയ്യതി - 24.3.2025
(ബിൽ, അളവ് പുസ്തകം എന്നിവ പ്രകാരം 20.3.25 മുതൽ 24.3.25 വരെയുള്ള തിയതികളിലാണ് പ്രവർത്തി നടത്തിയത്)

കാലാവധിദീർഘിപ്പിക്കുന്നതിനുള്ള ഫോമിൽ കാരണം രേഖപ്പെടുത്തിയിട്ടില്ല.

ഫൈൻ ഈടാക്കിയിട്ടുമില്ല

ഈടാക്കേണ്ട ഫൈൻ - 423425 X 3% =12703

ഈടാക്കിയത് - 0
ഈടാക്കാൻ ബാക്കിയുള്ളത്- 12703
മേൽപറഞ്ഞ 4 പ്രവർത്തികളിലുമായി ആകെ 67677 രൂപ (15220+12699+27055+12703) ഫൈൻ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 1-28 ടാറിംഗ് പ്രവൃത്തിക്ക് പകരം കോൺക്രീറ്റിംഗ് ചെയ്തു

പ്രവൃത്തിയുടെ വിവരം :45/25-ചാലുംപുള്ളി കുന്നത്ത് റോഡ് റീടാറിംഗ് & റീകോൺക്രീറ്റിംഗ്
അടങ്കൽ - 274987– M.G-R
ചെലവ് - 269026
ട്രഷറി ബിൽ ബുക്ക് ക്രമനം/തുക - 49/18.3.25 - 269026
PAC -211755
APAC- 10% Above Estimate- 232930
കരാറുകാരൻ - ശ്രീ.സുകേഷ് എസ്.
എഗ്രിമെന്റ് നം.: 13/AE/LSGD/16.1.2025
അളവു പുസ്തകം - 74606/2024

എസ്റ്റിമേറ്റ് പ്രകാരം 56 മീറ്റർ റോഡ് ടാറിംഗും 31 മീറ്റർ റീകോൺക്രീറ്റും ചെയ്യുന്നതിനുള്ള പദ്ധതി 6.12.24 ലെ ടെണ്ടർ പ്രകാരം എസ്റ്റിമേറ്റിനേക്കാളും 10% ഉയർന്ന നിരക്കിലാണ് (Item Rate അല്ല) കരാർ നൽകിയത്. സ്ഥലം കരാറുകാരന് 26.1.25 ന് കൈമാറിയശേഷം അസി.എഞ്ചിനീയർ 15.2.25ന്, റോഡ് ഭാരമേറിയ വാഹനങ്ങൾ ഉപയോഗിക്കുന്നതിനാലും മഴക്കാലത്ത് ഉയർന്ന പ്രദേശത്ത് നിന്ന് വെള്ളം ഒഴുകി വരുന്നതിനാലും ടാറിംഗ് ഒഴിവാക്കി കോൺക്രീറ്റ് ചെയ്യാനുള്ള അനുമതിക്കായി, പ്രസിഡന്റിന് കത്ത് നൽകുകയും 24.2.25ലെ 4(1) തീരുമാനപ്രകാരം ഭരണസമിതി അനുമതി നൽകുകയും ചെയ്തു. നടപടിക്രമങ്ങളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ 1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ടും സ്ഥലം നേരിട്ട് പരിശോധിച്ച് സൈറ്റ് കണ്ടീഷനെ അടിസ്ഥാനമാക്കി ആവശ്യമായ എല്ലാ ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രവും ആവശ്യമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. സ്ഥലപരിശോധന നടത്തി ആവശ്യകത നിർണ്ണയിച്ചശേഷമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എന്നിരിക്കെ കരാർ വെച്ച് സ്ഥലം കൈമാറിയശേഷം ടാറിംഗ് പ്രവൃത്തി ഒഴിവാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടത് ക്രമപ്രകാരമല്ല.

2. മേൽ പ്രവൃത്തി ടെണ്ടർ ചെയ്ത കാലയളവിലെ മറ്റ് കോൺക്രീറ്റ് പ്രവൃത്തികൾ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തിട്ടുള്ളത്. (ഉദാ. എടത്തിൽത്തറ പടിഞ്ഞാറേത്തറ റോഡ് കോൺക്രീറ്റ് -254/25- PAC 422966 രൂപയും APAC-422332 രൂപയുമാണ് )

ടാറിംഗ് പ്രവൃത്തികൾ മാത്രമാണ് ഉയർന്ന നിരക്കിൽ കരാർ നൽകിയിട്ടുള്ളത്. അതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ടാറിംഗ് പ്രവൃത്തിക്കായതിനാലാണ് 10% ഉയർന്ന നിരക്ക് നൽകേണ്ടിവന്നത് എന്ന് വ്യക്തമാണ് .

മാനുവലിലെ വ്യവസ്ഥകൾ പാലിച്ച് കൃത്യമായ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17/13- 1-26 ന് മറുപടി ലഭിച്ചില്ല)

## 1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് **2021-22** വർഷം മുതൽ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള

പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് നടത്തേണ്ടത്.
തരൂർ ഗ്രാമപഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും ഒരു ആയുർവ്വേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. ഹെൽത്ത് സെന്ററിന്റെ കീഴിൽ അഞ്ചു സബ് സെന്ററുകളാണുള്ളത്. അഞ്ചു സബ്സെന്ററുകൾക്കും സ്വന്തം കെട്ടിടങ്ങളാണുള്ളതെങ്കിലും ഇവയുടെ ഫിറ്റ്നസിനായി പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടും തുടർനടപടികളായിട്ടില്ലെന്ന് സി എച്ച് സി യിൽ നിന്നും ലഭ്യമായ കത്തിൽ അറിയിച്ചിട്ടുണ്ട്.
ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(03/05.01.2026)** ലഭ്യമാക്കിയ മറുപടി പ്രകാരം **2024-25** വർഷം വരെ ഗ്രാന്റ് ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

**<u>2021-22 വർഷം മുതൽ 31.03.2025 വരെ ലഭ്യമായ ഗ്രാന്റിന്റെയും നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും വിവരം</u>**

സ്കീം 3 -ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ലഭ്യമായ ഫണ്ട്.

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക (പലിശ യുൾപ്പടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2022-23 | 0 | 542108 | 542108 | 347673 | 194435 |
| 2023-24 | 194435 | 938638 | 1133073 | 48279 | 1084794 |
| 2024-25 | 1084794 | 416175 | 1500969 | 414938 | 1086031 |

**സ്കീം** 4 -ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ലഭ്യമായ ഫണ്ട്.

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക (പലിശ യുൾപ്പടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2022-23 | 0 | 365834 | 365834 | 150000 | 215834 |
| 2023-24 | 215834 | 394450 | 610284 | 314893 | 295391 |
| 2024-25 | 295391 | 623798 | 919189 | 282010 | 637179 |

ലാബിലേക്കാവശ്യമായ റീ ഏജന്റ്സ് വാങ്ങുന്നതിനും ലാബിന്റെ പാർട്ടീഷൻ പ്രവൃത്തികൾക്കും IEC ആക്ടിവിറ്റികൾക്കും ഫർണിച്ചറുകൾ വാങ്ങുന്നതിനുമായി ഗ്രാന്റ് വിനിയോഗിച്ചിട്ടുണ്ട്. ചില സബ്സെന്ററുകളിൽ അറ്റകുറ്റപണികൾ ആവശ്യമുണ്ടെങ്കിലും ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നവീകരണ പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ലെന്നും അറിയിച്ചു.

### ഓഡിറ്റ് നിർദ്ദേശങ്ങൾ

- ചെലവഴിക്കാൻ ശേഷിക്കുന്ന തുക സമയബന്ധിതമായും ഫലപ്രദമായും സർക്കാർ നിർദ്ദേശപ്രകാരം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ഹെൽത്ത് ഗ്രാന്റ് വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

## <u>1-30 ജലജീവൻ മിഷൻ പദ്ധതി - അവലോകനം</u>

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘകാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്. മിഷന്റെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയെ ആണ്.

ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തിയ പ്രവർത്തനങ്ങളെയും സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

ജലജീവൻ മിഷൻ പ്രവർത്തന പുരോഗതി വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/05.1.2026) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം

പദ്ധതിയുടെ അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കുമാണ് പദ്ധതി നടത്തിപ്പിന്റെ മുഖ്യ ചുമതല. ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ഗ്രാമ ജല ശുചിത്വ സമിതി വഴി ആണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. എന്നാൽ ഇപ്രകാരമുള്ള ജലശുചിത്വസമിതികൾ രൂപീകരിച്ചതായി കാണുന്നില്ല.

പദ്ധതിയുടെ നിലവിലെ സ്ഥിതി

ഗ്രാമപഞ്ചായത്തിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ നിലവിൽ എത്ര കുടുംബങ്ങൾക്ക് കണക്ഷൻ ലഭിച്ചു, എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കി എന്നത് സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇല്ല. 2020-21 ൽ നടത്തിയ ഫേസ് 1 പദ്ധതിയിൽ ആകെ 998 കണക്ഷനുകൾ നൽകിയിട്ടുണ്ട്. എന്നാൽ നിലവിലെ സ്ഥിതി സംബന്ധിച്ച കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്ക് സഹായ ഏജൻസിയായി ഗ്രാമപഞ്ചായത്ത് മിറർ സെന്റർ ഫോർ സോഷ്യൽ ചെയ്ഞ്ച്, വയനാട് എന്ന ഏജൻസിയെ തിരഞ്ഞെടുത്തിട്ടുണ്ട്. ഏജൻസി പ്രവർത്തനറിപ്പോർട്ട് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 8147 കുടുംബങ്ങളുള്ളതിൽ 5415 കുടുംബങ്ങൾക്കാണ് ടാപ്പ് കണക്ഷൻ നിലവിലുള്ളത്. 2700 പേർക്ക് കിണറും മറ്റുള്ളവർ പൊതുകിണറുകളെയും ആശ്രയിക്കുന്നു. ജലജീവൻ പദ്ധതി പ്രകാരം 6028 വാട്ടർ കണക്ഷൻ നൽകാനായി 491.308 കോടി വകയിരുത്തിയതായും 10.6.25 വരെ 4224 കണക്ഷനുകൾ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതായും റിപ്പോർട്ടിൽ പറയുന്നു. പോത്തുണ്ടി ഡാം ആണ് പദ്ധതിയുടെ ജലസ്രോതസ്സ്.

ജല ശുദ്ധീകരണം

നിർമ്മാണ പ്രവൃത്തികൾ, ജല ശുദ്ധീകരണം, ജല ഗുണനിലവാര പരിപാലനം, ചുറ്റുമുള്ള നീർത്തടങ്ങളിലെ മണ്ണ്, ജലം, ജൈവ സംരക്ഷണം, പരിപാലനം, മഴവെള്ള സംരക്ഷണം, കിണർ റീ ചാർജിങ്ങ് എന്നിവ ഏറ്റെടുത്ത് നടത്തുന്നതിന് വ്യക്തികളെ കണ്ടെത്തി ജല വിതരണമേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന ജല സംരക്ഷണം, നീർത്തട പരിപാലനം എന്നിവ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ജല മലിനീകരണപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സാങ്കേതികമായ ഇടപെടലുകൾ നടത്തേണ്ട സാഹചര്യം ഇതുവരെ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടായിട്ടില്ല.

തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ വിഹിതം നൽകൽ

കേരള ജല അതോറിറ്റി നടപ്പാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ വാട്ടർ അതോറിറ്റിക്ക് നാളിതുവരെ കൈമാറിയിട്ടില്ല. ഇതിനായി പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി എം.പി ഫണ്ട്, മറ്റ് കേന്ദ്ര മന്ത്രാലയങ്ങൾ കേന്ദ്ര വകുപ്പുകൾക്ക് നൽകുന്ന ഫണ്ടുകൾ, എം.എൽ.എ ഫണ്ട്, മറ്റ് സംഘടനകളിൽ നിന്ന് ലഭിക്കുന്ന തുക / സംഭാവനകൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ വിവരം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 10 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. ഇതിൽ 31.3.25 വരെ 1304 കണക്ഷനുകളാണുള്ളത്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൻതുക വർഷം തോറും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട സാഹചര്യം ഉണ്ട്. എന്നാൽ വാട്ടർ ചാർജ്ജ് ഇനത്തിൽ മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ 2201085രൂപ ലഭിക്കുവാനുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള വാർഡുകളുടെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതികൾക്കു

കീഴിലുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി ഇവർ അടക്കുവാനുള്ള കുടിശ്ശിക തിട്ടപ്പെടുത്തി ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കേണ്ടതും, കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്. 14-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)84/2022 ത.സ്വ.ഭ.വ തീയതി 19.04.2022- ഖണ്ഡിക 8.1.25 ലെ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് നിർദ്ദേശങ്ങളനുസരിച്ച് പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള കണക്ഷനുകൾ നൽകുന്നതനുസരിച്ച് കുടിവെള്ളപദ്ധതിക്കായുള്ള ചെലവ് കുറച്ചു കൊണ്ടുവരുന്നതിനും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കൈമാറി നൽകുന്നതിനും ശ്രമിക്കേണ്ടതാണ്. ടാങ്കർ ലോറി മുഖേനയുള്ള ജലവിതരണത്തിനായി 2024-25 ൽ തുക ചെലവഴിച്ചിട്ടില്ല. കടുത്ത വരൾച്ചയുള്ള പ്രദേശങ്ങൾ നിലവിലില്ലയെങ്കിലും കുട്ടങ്കോട്, തോട്ടിൻപള്ള, പഴമ്പാലക്കോട് എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ട്.

10 പൊതുടാപ്പുകൾ നിലവിലുണ്ട് . 4 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതി നേരിട്ട് നടത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് ജലശുചിത്വ സമിതി രൂപീകരിക്കേണ്ടതും പഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ജല അതോറിറ്റി മുഖേന 'ജൽജീവൻ മിഷൻ' പദ്ധതിയുടെ ഭാഗമായി നൽകിയ കണക്ഷനുകളുടെ കൃത്യമായ കണക്കുകൾ ശേഖരിക്കുകയും ഇത് കാലികമാക്കി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതും 100% കുടുംബങ്ങൾക്കും കണക്ഷനുകൾ ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. ഗ്രാമപഞ്ചായത്ത് ജലജീവൻ മിഷനായി നൽകേണ്ട വിഹിതം വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം -2</u>
## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>
## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -4</u>
## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### <u>4-1 മെഡിസെപ്പ് പദ്ധതി</u>

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെയുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 76500 | 76500 | 0 | - |

**2) 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയംഇനത്തിൽ ഈടാക്കിയതുക (07/2022 അല്ലെങ്കിൽ 07/2023മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ആരുമില്ല | - | 0 | 0 | 0 | - |

**3) 07/2024 മാസത്തിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയംഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ആരുമില്ല | - | 0 | 0 | 0 | - |

**4) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയംഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 (പി.ടി.എസ്) | 2/25 | 0 | 0 | 0 | കുടിശ്ശിക ഈടാക്കിയിട്ടില്ല 4/25 മുതലാണ് പ്രീമിയം ഈടാക്കിയത്. |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2024-25 | 5.1.2026 മുതൽ 14.1.2026 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

## 4-3 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| **വിഹിതം നൽകിയ സ്ഥാപനം** | **തുക ലഭിച്ച വർഷം** | **ലഭിച്ച തുക** | **പ്രൊജക്റ്റിന്റെ പേര്** | **ചെലവ്** | **ബാലൻസ്** |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | --- | 25000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്ക്കാളർഷിപ്പ് | 0 | 25000 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | --- | 32881 | ലൈഫ് ഭവനം | 0 | 32881 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | --- | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | | 300000 | ലൈഫ് ഭവനം | 0 | 300000 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 40000 | 18/25-കതിരിനൊരു കരുതൽ എസ്സിപി | 40000 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 849720 | 16/25-കതിരിനൊരു കരുതൽ-പൊതുവിഭാഗം | **849720** | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 900000 | 87/25-ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 900000 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 108266 | 19/25-അംഗൻവാടി പോഷകാഹാരം-ജനറൽ | 108266 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 180000 | 25/25ഭിന്നശേഷി സ്കോളർഷിപ്പ് | 180000 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 400000 | 132/25-ഡെസ്റ്റിനേഷൻ ചലഞ്ച്-കാരമല കുട്ടികളുടെ പാർക്കും സാഹസിക പാർക്കും-ടോയ്ലറ്റ് നിർമ്മാണം | 400000 | 0 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 87500 | 192/25- എസ്.സി കുടുംബങ്ങൾക്ക് തൊഴിലുപകരണം | 87500 | 457881 |
| ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 400000 | 9/25-ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കൽ | 400000 | 0 |
| | | 3423367 | | 2965486 | 457881 |
| ജില്ലാ പഞ്ചായത്ത് | --- | 9107 | ലൈഫ് ഭവനം | 0 | 9107 |
| ജില്ലാപഞ്ചായത്ത് | 2024-25 | 64000 | 18/25-കതിരിനൊരു കരുതൽ-എസ്സിപി | 64000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1540800 | 16/25-കതിരിനൊരു കരുതൽ-പൊതുവിഭാഗം | 1540800 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 120000 | 117/25-ലൈഫ് ഭവന നിർമ്മാണം-പൊതു വിഭാഗം | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 630000 | 87/25-ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 630000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1040000 | 84/25-ലൈഫ് ഭവന പദ്ധതി-ജനറൽ | 1040000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 250000 | 9/25-ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കൽ | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 20000 | 8/25-എസ്സി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 460000 | ഹരിത കർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ | 370760 | 89240 |

| ആകെ | | 4133907 | | 4035560 | 98347 |
|---|---|---|---|---|---|

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരം

ഒന്നുമില്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 11723017 | 3140000 | 14863017 | 1866204 (*) | - | 12996813 |

(*) ജി.ഒ പ്രോജക്കുകൾ പ്രകാരമുള്ള തുക

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

വരവില്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഖണ്ഡിക** | **സമാഹൃത റിപ്പോർട്ട് വർഷം** | **ഖണ്ഡിക** | **വിഷയം** | **ഇപ്പോഴത്തെ അവസ്ഥ** |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3.1.23 | -പട്ടികജാതിക്കാർക്ക് കൃഷിഭൂമി വാങ്ങി ലീസിന് നൽകൽ | 13-06-22 ന് സമിതിയുടെ സിറ്റിംഗ് കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| --- | --- | 2014-15 | 5.7.6 | മൃഗസംരക്ഷണ, ക്ഷീര വികസന മേഖല-പ്രത്യേക അവലോകനം | സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| --- | --- | | 5.7.7 | | സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| --- | ---- | | 5.7.8 | | |
| --- | --- | | 5.7.9 | | |
| --- | --- | | 5.7.10 | | |
| 2014-15 | 2.5 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 2015-16 | 2-5 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 76228064.91 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46576486 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 627964 |
| ഭാഗം 1 പ്രകാരമുള്ള നഷ്ടം | 67677 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| | ഇല്ല | |

ഭാഗം 1 പ്രകാരമുള്ള നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| 1-27 | 67677 | ശ്രീമതി.ഷബീന എ അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| 1-19 | 273465 | ശ്രീമതി ഗിരിജ .സി അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 87500 | ശ്രീമതി ഗിരിജ .സി അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 197999 | ശ്രീ.അനൂപ് മോഹൻ സെക്രട്ടറി |
| 1-23 | 69000 | ശ്രീ.അനൂപ് മോഹൻ സെക്രട്ടറി |
| ആകെ | 627964 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | സംസ്ഥാനസർക്കാരിനുള്ള നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദി കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ.അനൂപ് മോഹൻ സെക്രട്ടറി | സെക്രട്ടറി, വെട്ടൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | അദ്വൈതം മുതുപ്പിലക്കാട് ഈസ്റ്റ് ശാസ്താംകോട്ട കൊല്ലം 690520 |
| ശ്രീമതി ഗിരിജ .സി അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി തരൂർ ഗ്രാമപഞ്ചായത്ത് | പാർവതീ മാധവം അംഗമശ്ശാല കുനിശ്ശേരി പാലക്കാട് 678681 |
| ശ്രീമതി.ഷബീന എ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ തരൂർ ഗ്രാമപഞ്ചായത്ത് | അലിഫ് വടക്കേനട കാവശ്ശേരി 678543 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ / എണ്ണം |
|---|---|---|---|
| 1 | 1996-97 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 14 (32 മുതൽ 45 വരെ) |
| 2 | 1997-98 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 5 (35, 40, 41, 42, 44) |
| 3 | 1998-99 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 4 | 2000-01 & 2001-02 (പ്രദ്ധതി വിഹിതം) | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 11 {(ഭാഗം-1/ 2000-01-3,4,) (ഭാഗം-2-2001-02-2,3,4,5, 6,7,8,9)} |
| 5 | 2000-01 (പ്രദ്ധതി വിഹിതം ഒഴികെ) | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 10 (1 മുതൽ 10 വരെ) |
| 6 | 2001-02 (പ്രദ്ധതി വിഹിതം ഒഴികെ) | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 7 | 2002-03 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 8 | 2003-04 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 1 (3-3) |
| 9 | 2004-05 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |

| | | | |
|---|---|---|---|
| 10 | 2005-06 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 4 (3-1, 3-4, 3-5, 3-7 ) |
| 11 | 2006-07 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 12 | 2007-08 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | Audit Report Closed |
| 13 | 2008-09 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 1 (3-1) |
| 14 | 2009-10& 2010-11 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 3 (2-2, 3-1, 3-4) |
| 15 | 2011-12 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 3 (3-4, 3-5, 3-7) |
| 16 | 2012-13 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി : 29-11-2022 | 5 (2-8, 3-2, 3-3,3-11,3-13) |
| 17 | 2013-14& 2014-15 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി:29-11-2022 | 10 (2-3, 2-5, 3-8, 3-9, 3-13, 3-14, 3-15, 3-17, 3-18, 3-19) |
| 18 | 2015-16 | നം.കെ.എസ്.എ-പികെഡി.10/ 1786/2022, തിയതി:29-11-2022 | 3 (2-1, 3-5, 3-8) |
| 19 | 2016-17 | നം.കെ.എസ്.എ-പികെഡി.10/ 406/2022, തിയതി : 16-06-2022 | 1 (2-5) |
| 20 | 2017-18 | നം.കെ.എസ്.എ-പികെഡി.10/ 406/2022, തിയതി : 16-06-2022 | മുഴുവൻ തീർപ്പാക്കി |
| 21 | 2018-19 | നം.കെ.എസ്.എ-പികെഡി.10/ 405/2022, തിയതി : 16-06-2022 | 3 (1-19, 1-22, 1-24) |
| 22 | 2019-20 | നം.കെ.എസ്.എ-പികെഡി.10/ 2128/2022, തിയതി : 18-11-2022 | 4 {1-11എ(1,8,9,10), 1-16, 1-17, 1-21} |
| 23 | 2020-21 | നം.കെ.എസ്.എ-പികെഡി.10/ 2027/2022, തിയതി : 19-11-2022 | 7 {1-11ഡി, 1-13, 1-14, 1-15, 1-20(1,2), 1-23, 1-28} |
| 24 | 2021-22 | നം: കെ.എസ്.എ-പി.കെ.ഡി-10/ 567/2023/19-4-2023 | 11 |
| 25 | 2022-23 | നം.കെ.എസ്.എ. (പി.കെ.ഡി) പി 10/1691/2023/01-12-2023 | 13 |
| 26 | 2023-24 | നം.കെ.എസ്.എ. (പി.കെ.ഡി) പി 10/1475/2024/11-11-2024 | 13 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 20-06-2025 and submitted on 03-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Tarur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Tarur Grama Panchayat as on 31-03-2025

**Date: 04/02/2026** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Tarur Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. Asset register not updated
2. Discrepencies in cash flow statement
3. Mismatch between bank book and transactions as per bank statement

**DEPUTY DIRECTOR**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# വരവ് ചെലവ് കണക്ക് സംക്ഷിപ്തം

| Tarur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| **For the period from 01-April-2024 to 31-March-2025** | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 18699382.91 |
| Cash | Cash | RP-40(a) | 127920.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 602185.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9000.00 |
| 140000000 | Fees & User Charges | RP-4 | 1727535.00 |
| 150000000 | Sale & Hire Charges | RP-5 | 226064.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18219028.00 |
| 171000000 | Interest Earned | RP-9 | 257473.00 |
| 190000000 | Prior Period Income | RP-11 | 600.00 |
| 311000000 | Earmarked Funds | RP-28 | 520.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 22361637.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9075175.00 |
| 460000000 | Loans, Advances and Deposits | RP-49 | 656560.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 19850.00 |
| 330000000 | Secured Loans | RP-31 | 3140000.00 |
| 340000000 | Deposits Received | RP-33 | 192933.00 |
| 350000000 | Other Liabilities | RP-35 | 912202.00 |
| | **Grand total** | | **76228064.91** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 1160.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 65484.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5203446.00 |
| 460000000 | Loans, Advances and Deposits | RP-49 | 2935075.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 45203.00 |
| 350000000 | Other Liabilities | RP-35 | 38326118.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 29564714.91 |
| Cash | Cash | RP-40(b) | 86864.00 |
| | **Grand Total** | | **76228064.91** |

| Tarur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| **For the period from 01-April-2024 to 31-March-2025** | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4148953.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 9000.00 |
| 140000000 | Fee & User Charges | I-4 | 2528280.00 |
| 150000000 | Sale & Hire Charges | I-5 | 258689.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 206563336.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 257473.00 |
| 180000000 | Other Income | I-9 | 20550.00 |
| 190000000 | Prior Period Income | I-19 | 600.00 |
| | **Total Income** | | **213786281.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13230565.00 |
| 220000000 | Administrative Expenses | I-11 | 1524060.00 |
| 230000000 | Operations & Maintenance | I-12 | 5973415.00 |
| 240000000 | Interest & Finance Charges | I-13 | 753.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11672378.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33691057.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 17932699.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 51334947.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 65521600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2449640.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 20230376.00 |
| | **Total Expenditure** | | **223561490.00** |
| | **Gross Surplus / Deficit of income over Expenditure** | | **-9775209.00** |
| | **Gross Surplus / Deficit of income over Expenditure** | | **-10421500.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 646891.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-646291.00** |

| **Tarur Grama Panchayat BALANCE SHEET** | | | |
|---|---|---|---|
| **As on 31-March-2025** | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -8591102.03 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2220.00 |
| 312000000 | Reserves | B-3 | 76125365.00 |
| | **Total Reserve & Surplus** | | **67536482.97** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20435133.00 |
| | **Total Grants, Contributions for Specific Purposes** | | **20435133.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 12996813.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **12996813.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 587251.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1410632.94 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1997883.94** |
| | **TOTAL LIABILITIES** | | **102966312.91** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3248330.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 143934.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 44833911.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 58039918.00 |
| 416000000 | Accumulated Depreciation | B-11(a) | -52931360.00 |
| | **Total Fixed Assets** | | **53334733.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 153170.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7575568.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 9856813.00 |
| 450000000 | Cash and Bank Balance | B-17 | 29651578.91 |
| 460000000 | Loans, Advances and Deposits | B-18 | 2394450.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **49631579.91** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **102966312.91** |